പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

| പുസ്തകം 1<br>ലക്കം 21 | എറണാകുളം 1970 ജൂലായ് 5 ഞായർ | വില 35 സ. |
|---|---|---|

## * ഈ ലക്കത്തിൽ *

* കുറിപ്പുകൾ

സോഷ്യലിസത്തോട് വിട

* കാഴ്ചപ്പാടുകൾ

ബ്രിട്ടണിൽ യാഥാസ്ഥിതികർ അധികാരത്തിൽ

* കത്തുകൾ

* ലേഖനം

കോൺഗ്രസ്സ് വലതിന്റെ വാലായി തുടരണമോ?

* എഴുതാപ്പുറം

അമേരിക്കയുടെ വ്യവസായിക സമ്പത്‌വ്യവസ്ഥ യുദ്ധമവസാനിപ്പിക്കുന്നതിനു തയ്യാറായിട്ടില്ല.

21

കുറിപ്പുകൾ

## സോഷ്യലിസത്തോട് വിട

സിൻഡിക്കേററുകാർ പഴയ പ്രഖ്യാപനങ്ങളിൽ നിന്നു വിമുക്തമാകാൻ ആത്മാർത്ഥ ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. ദില്ലിയിൽ ചേർന്ന സിൻഡിക്കേററ് അഖിലേന്ത്യാ കമ്മിററി യോഗത്തിലെ പ്രമേയങ്ങളിൽ നിന്നും ചർച്ചകളിൽ നിന്നും ഈ സൂചന ലഭിക്കുന്നു.

തങ്ങളാണ് യഥാർത്ഥ കോൺഗ്രസ്സുകാർ എന്ന നില കൈവിട്ടുപോകുമോ എന്ന ഭയമാണ് സിൻഡിക്കേററിനെ കുഴക്കുന്നതു്. കോൺഗ്രസ്സ് ഒന്നായിരുന്ന കാലത്തു് തീരുമാനിച്ച സോഷ്യലിസ്ററ് പരിപാടികളിൽ ഉറച്ചു നിൽക്കുന്നുവെന്നു വരുത്തേണ്ടതു് സിൻഡിക്കേററുകാർക്കു ആവശ്യമാണ്. എന്നാൽ സോഷ്യലിസ്ററു പരിപാടികളോട് പ്രഖ്യാപനത്തിൽ കവിഞ്ഞ പ്രതിപത്തി കാണിക്കാൻ അവർക്കു താൽപ്പര്യമില്ലെന്നതും വ്യക്തമാണ്.

ഇതിന്റെ ഫലമായുണ്ടാകുന്ന ചിന്താക്കുഴപ്പവും അവ്യക്തതയും ഇന്നും അവരെ പിടികൂടിയിട്ടുണ്ടെങ്കിലും താമസിയാതെ സിൻഡിക്കേററുകാർ സോഷ്യലിസത്തോട് വിടപറയുമെന്നു പ്രതീക്ഷിക്കാം. രാഷ്ട്രീയ പ്രമേയത്തിൽ സോഷ്യലിസത്തിനു സ്ഥാനം നൽകിയിട്ടുണ്ടെങ്കിലും പ്രസംഗങ്ങളിൽ വലിയ സോഷ്യലിസ്ററു പ്രഖ്യാപനമൊന്നുമുണ്ടായിരുന്നില്ല.

നാലാം പദ്ധതിയെക്കുറിച്ച് സിൻഡിക്കേററ് പാസാക്കിയ പ്രമേയത്തിലും പൊതുമേഖലാസ്ഥാപനങ്ങളുടെ കുറവുകൾ പെരുപ്പിച്ചു കാണിക്കാനാണു ശ്രമിച്ചിട്ടുള്ളതു്. ഇതിനെപ്പററി സിൻഡിക്കേററുകാരായ യുവവിഭാഗക്കാർ തന്നെ സമ്മേളനത്തിൽ എതിർപ്പു പ്രകടിപ്പിക്കുകയുണ്ടായി.

പൊതുമേഖലയുടെ വികസനത്തിനുവേണ്ടി പാർട്ടി നിലകൊള്ളുന്നതാണെന്നും ഭരണകോൺഗ്രസ്സിന്റെ കെണിയിൽ വീഴരുതെന്നും സിൻഡിക്കേററു യുവാക്കൾ പറഞ്ഞു. സിൻഡിക്കേററുകാർ സോഷ്യലിസ്റ്റുകാരല്ലെന്നയാരോപണം ഭരണകോൺഗ്രസ്സുകാർ നടത്തുന്നതു ശരിയാണെന്ന ധാരണ ജനങ്ങൾക്കുണ്ടാകുമെന്നതാണ് യുവവിഭാഗത്തിന്റെയാക്ഷേപം. ദേശീയ സമ്പദ് വ്യവസ്ഥയിൽ പൊതുമേഖലയിൽ നിർണ്ണായകമായ സ്ഥാനമുണ്ടെന്നും അവർ പറഞ്ഞു.

പക്ഷെ, ഇതിലൊക്കെ പ്രാധാന്യം കൽപ്പിക്കേണ്ടതു് രാഷ്ട്രീയപ്രമേയത്തിനു തന്നെയാണ്. രാജ്യത്തെ കമ്മ്യൂണിസ്റ്റ് അട്ടിമറിയിൽ നിന്നു രക്ഷിക്കണമെന്നാണാഹ്വാനം. ദേശീയ ജനാധിപത്യസോഷ്യലിസ്റ്റ് കക്ഷികളുടെ വിശാലൈക്യത്തിനാണു സിൻഡിക്കേററുകാർ ആഹ്വാനം നൽകിയിരിക്കുന്നതു്. ഈ കക്ഷികൾ ഏതൊക്കെയാണെന്നു പ്രമേയത്തിൽ വ്യക്തമാക്കിയിട്ടില്ല. ദേശീയതയെന്നു സിൻഡിക്കേററുകാർ പറഞ്ഞ സ്ഥാനത്ത് മതേതരത്വമെന്നെഴുതി വെച്ചാൽ കെ. പി. സി. സി. നിർവ്വാഹകസമിതി പാസ്സാക്കിയ പ്രമേയം പോലെതന്നെയാണ് സിൻഡിക്കേററുകാരുടെ പ്രമേയവും.

എന്നാൽ പ്രമേയത്തെക്കുറിച്ചുള്ള പ്രസംഗങ്ങളിൽനിന്നു മനസ്സിലാക്കേണ്ടതു് സ്വതന്ത്രാപാർട്ടിയും ജനസംഘവും ഈ വിശാലസഖ്യത്തിൽ ഉൾപ്പെടും എന്നാണ്. അഹമ്മദാബാദിൽ ചേർന്ന സമ്മേളനത്തിൽവെച്ചു തന്നെ ജനസംഘത്തിന്റെയും സ്വതന്ത്രാ പാർട്ടിയുടേയും നേതാക്കളുമായി വിശാലസഖ്യത്തിലേർപ്പെടുന്നതിനെപ്പററി ചർച്ച നടത്താൻ നേതാക്കൾ തീരുമാനിച്ചിരുന്നു. ജനസംഘം നേതാവ് ബൽരാജ് മധോക്കും സ്വതന്ത്രാപാർട്ടി നേതാവ് എം. ആർ. മസാനിയും സിൻഡിക്കേററിന്റെ പ്രമേയത്തെ സ്വാഗതം ചെയ്തുകഴിഞ്ഞു.

സംയുക്തസോഷ്യലിസ്റ്റ് പാർട്ടിയും സിൻഡിക്കേററിന്റെ പ്രമേയത്തെ ഭാഗികമായി സ്വാഗതം ചെയ്തിരിക്കുന്നു. സഖ്യത്തിൽ നിന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയേയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയേയും ഒഴിച്ചുനിറുത്തുന്നതിനോ സംയുക്ത

(ശേഷം 15-ാം പേജിൽ)

## കാഴ്ചപ്പാടുകൾ

# ബ്രിട്ടനിൽ യാഥാസ്ഥിതികർ അധികാരത്തിൽ

**രാജൻ**

കണക്കുക്കൂട്ടലുകളെയെല്ലാം കളിയാക്കികൊണ്ട് ബ്രിട്ടനിലെ തെരഞ്ഞെടുപ്പിൽ യാഥാസ്ഥിതിക കക്ഷിക്കു ഭൂരിപക്ഷം ലഭിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിന്റെ ഏററവും വലിയ ഫലം 'ഗാലപ്പ് പോളു'കളെ കണക്കിലേറെ ആശ്രയിക്കുന്നത് തെററാണെന്നു തെളിയിച്ചതാണ്. തെരഞ്ഞെടുപ്പിനു മുമ്പ് ബ്രിട്ടനിലെ പത്രങ്ങളിൽ അഞ്ച് അഭിപ്രായവോട്ടെടുപ്പുകളുടെ ഫലം പ്രസിദ്ധപ്പെടുത്തിയിരുന്നു. അഞ്ചു അഭിപ്രായവോട്ടെടുപ്പിൽ നാലിലും ലേബർ കക്ഷിക്കു ഭൂരിപക്ഷം ലഭിക്കുമെന്നാണ് പ്രവചിച്ചിരുന്നത്. കുറച്ചു വോട്ടുകൾ മാത്രം അങ്ങോട്ടോ ഇങ്ങോട്ടോ മറിഞ്ഞാൽ ഫലം മറിച്ചാവുന്ന അമ്പത് നിയോജക മണ്ഡലങ്ങളിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പുകളിലും ലേബർ കക്ഷിക്കാണ് ഭൂരിപക്ഷം ലഭിക്കാൻ സാദ്ധ്യത കണ്ടിരുന്നത്. എന്നാൽ പ്രവചനങ്ങളെ പുഛിച്ചുതള്ളിക്കൊണ്ടു എഡ്‌വേഡ് ഹീത്ത് ബ്രിട്ടനിലെ പ്രധാന മന്ത്രിയായിരിക്കുന്നു.

യഥാസ്ഥിതിക കക്ഷിക്ക് ലേബർകക്ഷിയെക്കാൾ 68 സ്ഥാനങ്ങൾ കൂടുതൽ ലഭിച്ചിട്ടുണ്ട്. യാഥാസ്ഥിതികർക്കു 330 ലേബർ കക്ഷിക്ക് 262 സ്ഥാനങ്ങളും ലഭിച്ചു. ലിബറൽ കക്ഷിക്ക് 6 സ്ഥാനങ്ങളും മററുള്ളവർക്കു 7 സ്ഥാനങ്ങളും ലഭിച്ചു, അമ്പത് ശതമാനത്തിലധികം വോട്ട് ഒരു കക്ഷിക്കും ലഭിച്ചിട്ടില്ല. യാഥാസ്ഥിതിക കക്ഷിക്ക് 46 4 ശതമാനം വോട്ടും ലേബർ കക്ഷിക്ക് 43 ശതമാനം വോട്ടുമാണ് ലഭിച്ചത്. ഇതുകാരണം ലേബർ കക്ഷിയിൽ ലിബറൽ കക്ഷിയെ ലയിപ്പിക്കണമെന്നൊരു ആവശ്യം ബ്രിട്ടണിൽ ഉന്നയിക്കപ്പെട്ടുതുടങ്ങിയിട്ടുണ്ട്. അങ്ങിനെ 'ഇടതുപക്ഷ' ശക്തികളുടെ വോട്ടു ഭിന്നിപ്പിച്ചു പോകാതെ നിർത്തണമെന്ന് ഈ വാദം ഉന്നയിക്കുന്നവർ ആവശ്യപ്പെടുന്നു.

വാസ്തവത്തിൽ ബ്രിട്ടണിൽ ഇടതുപക്ഷവും വലതുപക്ഷവുമുണ്ടോ എന്നതാണ് ചോദ്യം?, ഇത് സംബന്ധിച്ച് അഭിപ്രായവോട്ടെടുപ്പൊന്നും നടത്തിയതായി അറിവില്ല. നിങ്ങളെപ്പോലുള്ളവർക്ക് ഏതു പാർട്ടിയുടെ നയങ്ങളാണ് ഏററവും നല്ലത്? എന്നിങ്ങനെയുള്ള ചോദ്യങ്ങളുടെയടിസ്ഥാനത്തിലാണ് അഭിപ്രായ വോട്ടുകൾ ശേഖരിക്കുന്നത്. രണ്ടു കക്ഷികളും തമ്മിൽ യഥാർത്ഥത്തിൽ വല്ല വ്യത്യാസവുമുണ്ടെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഇങ്ങനെയൊരു ചോദ്യം ബ്രിട്ടീഷ് വോട്ടർമാരോട് ചോദിക്കേണ്ടതായിരുന്നുവെന്നു ഒരു പത്രലേഖകൻ എഴുതിക്കണ്ടു. ഈ ചോദ്യമാണ് ഇന്നു പാർളിമെൻററി തെരഞ്ഞെടുപ്പുകൾ നടക്കുന്ന മിക്ക രാജ്യങ്ങളിലും ചോദിക്കേണ്ടിയിരിക്കുന്നത്.

തെരഞ്ഞെടുപ്പിനും തെരഞ്ഞെടുപ്പ് ഫലങ്ങൾക്കും രാജ്യത്തിന്റെ ഗതിയിൽ കാര്യമായ മാററമൊന്നുമുണ്ടാക്കാൻ സാധിച്ചുന്നില്ലെന്ന സത്യം അപ്പോൾ മനസ്സിലാകും. കക്ഷികളെ മാറിമാറി തെരഞ്ഞെടുക്കുന്ന ബ്രിട്ടീഷ് ജനതയുടെ ജനാധിപത്യ ബോധത്തെ പുകഴ്ത്തുന്നവർ ഇന്നു ധാരാളമാണ്. തെരഞ്ഞെടുപ്പിലൂടെ മാത്രം സോഷ്യലിസം കൈവരുത്താമെന്നു കരുതുന്നവരേയും ഇക്കൂട്ടത്തിൽ കാണാം. തെരഞ്ഞെടുപ്പുകൾ ജനങ്ങൾക്കു ഇഷ്ടമുള്ളവരെ അധികാരത്തിൽ കൊണ്ടുവരാൻ സഹായിക്കുന്നുവെന്നതിന്റെ തെളിവാണ് ബ്രിട്ടണിൽ കണ്ടതെന്നും തെരഞ്ഞെടുപ്പുകൾക്കു ഇന്നിയും രാഷ്ട്രീയത്തിൽ ഗണനീയമായ പങ്കുവഹിക്കാനുണ്ടെന്നും പാർളിമെൻററി ജനാധിപത്യവാദികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ഈ പ്രചരണത്തിൽ സാമാന്യജനത കണക്കിലേറെ വിശ്വസിക്കുന്നതാണ് അപകടകരമായ സംഗതി. പാർളിമെൻററി ഭരണരീതി പൊതുവെ സ്വത്തുടമ വർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള ചട്ടക്കൂടാണ്. സ്വകാര്യസ്വത്തിലും സ്വത്ത് സമ്പാദിക്കുന്നതിനുള്ളയവകാശത്തിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥയിൽ വ്യത്യസ്തമായ നയങ്ങളുടെ പേരിൽ രണ്ട് കക്ഷികളാവിർഭവിച്ചാൽ തന്നെയും ക്രമേണ അവ തമ്മിൽ കാതലായ ഒരു വ്യത്യാസവുമില്ലാതായിത്തീരുമെന്നാണ് ബ്രിട്ടൺ നൽകുന്ന പാഠം. ലേബർ കക്ഷിക്കാരെ സോഷ്യലിസ്റ്റുകാരെന്നാണ് വിളിക്കുന്നതു്. പക്ഷെ അധികാരത്തിലെത്തിക്കഴിഞ്ഞാൽ ലേബർ കക്ഷിയായാലും യാഥാസ്ഥിതികരായാലും ഒരേ നയത്തിന്റെ പിൻഗാമികളായി മാറുന്നു. എല്ലാ സ്വത്തു ഉൽപ്പാദനയുപകരണങ്ങളും പൊതുവുടമയിൽ കൊണ്ടുവന്ന് സാമൂഹ്യമായ സ്ഥിതി സമത്വം കൈവരുത്തുകയാണ് സോഷ്യലിസ്റ്റുകളുടെ ലക്ഷ്യം. തെരഞ്ഞെടുപ്പിലൂടെയായാലും കൊള്ളാം മററുതരത്തിലായാലും കൊള്ളാം ലഭിക്കുന്ന അധികാരം ഈ ലക്ഷ്യം നേടുന്നതിനു ഉപയോഗിക്കണമെന്നാണ് കരുതപ്പെടുന്നതും. എന്നാൽ ബ്രിട്ടണിലെ സോഷ്യലിസത്തിന്റെ രീതി വളരെ വിചിത്രമാണ്. ദേശസാൽക്കരിച്ച വ്യവസായങ്ങൾ തന്നെ സ്വകാര്യമുതലാളിമാരെ തിരിച്ചേൽപ്പിക്കുന്നതു് അവിടെ ജനാധിപത്യപരമായ ഒരു പ്രക്രിയയായി മാത്രമേ സോഷ്യലിസ്റ്റുകൾ കണക്കാക്കുന്നുള്ളു. കാരണം തെരഞ്ഞെടുപ്പുകളിൽ ജനങ്ങൾ യാഥാസ്ഥിതിക കക്ഷിക്കു കൂടുതൽ വോട്ടുകൊടുത്തു് അധികാരത്തിൽ കയററിയാൽ അവരുടെ നയം നടപ്പാക്കുന്നതാണ് യഥാർത്ഥ ജനാധിപത്യമെന്നും യാഥാസ്ഥിതികർ ദേശസാൽക്കരണം അവസാനിപ്പിച്ചാൽ കുററപ്പെടുത്താനാവില്ലെന്നു മാത്രമാണ് പൊതുധാരണ.

ഇങ്ങനെ നാലഞ്ചുവർഷം കൂടുമ്പോൾ ദേശസാൽക്കരിക്കയും അതവസാനിപ്പിക്കുകയും ചെയ്യുന്ന കക്ഷികൾ മാറിമാറിയധികാരത്തിൽ കയറുന്ന ജനാധിപത്യം ഒരിക്കലും സോഷ്യലിസം കൈവരുത്താൻ പോകുന്നില്ലെന്നു വ്യക്തമാണല്ലോ. ശരിയായ ലക്ഷ്യമെന്തെന്നു നിശ്ചയിച്ച് അതിനോടടുത്തടുത്തു വരുന്ന പരിപാടികൾ സ്വീകരിച്ച് മുന്നോട്ടു പോകുന്നതിനുപകരം ഒരടി മുന്നോട്ടും ഒരടി പിന്നോട്ടും ചാടുന്ന നയപരിപാടികൾ നിന്നിടത്തുതന്നെ നിൽക്കുന്നതിനു തുല്യമായ സ്ഥിതിയുണ്ടാക്കുകയാണ്. അതാണ് ബ്രിട്ടണിൽ പൊതുവെ യാഥാസ്ഥിതികത്വം വാഴ്ച നടത്താൻ കാരണം. ലേബർ കക്ഷി അധികാരത്തിൽ വന്നാലും യാഥാസ്ഥിതികരിൽ നിന്നു വ്യത്യാസമായ ഒന്നും സംഭവിക്കാത്തതു്. എല്ലാ പാർലിമെൻററി ഭരണരീതിയിലും ഇതു് ഏറിയും കുറഞ്ഞും സംഭവിക്കാതെ തരമില്ല. ഭരണകൂടംതന്നെ യാഥാസ്ഥിതികത്വത്തിന്റെ കാവൽക്കാരായി മാറുകയാണ്. പാർളിമെൻറും നീതിന്യായ വ്യവസ്ഥയും ഉദ്യോഗസ്ഥന്മാരും നി

(ശേഷം 14_ാം പേജിൽ)

## കത്തുകൾ

# കോൺഗ്രസ് നേതാക്കളുടെ കഴിവുകേട്

കോൺഗ്രസ്സ് നേതാക്കളുടെ കഴിവുകേടും വീക്ഷണമില്ലായ്മയും കാരണം സംഘടനയാകെ കുഴപ്പത്തിലാകുന്ന ലക്ഷണമാണ് കാണുന്നത്. കേരളത്തിൽ കോൺഗ്രസ് സംഘടനക്കുള്ള സ്വാധീനത്തിനനുസരിച്ച് ഇടക്കാലതെരഞ്ഞെടുപ്പിൽ നിയമസഭാസ്ഥാനങ്ങൾ നേടാനാവാത്ത നില നേതാക്കളുടെ വഴിപിഴച്ച നയം കാരണം ഉണ്ടായിരിക്കുന്നു. ഇടക്കാല തെരഞ്ഞെടുപ്പിൽ അധികം സീററുകൾ ചോദിക്കരുതെന്നും അതിന്റെ പേരിൽ കുറുമുന്നണിയുമായി തെററിപ്പിരിയരുതെന്നും കേന്ദ്രകോൺഗ്രസ് നേതാക്കൾ സംസ്ഥാനനേതാക്കളെ ഉപദേശിച്ചിട്ടുണ്ടെന്നു 'മലയാളമനോരമ'യുടെ ഡൽഹിലേഖകൻ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടു വായിച്ചശേഷം 'നിർണ്ണയത്തി'ന്റെ പഴയ ചില ലക്കങ്ങൾ നോക്കാനിടയായി. കുറിപ്പുകളും, ലേഖനങ്ങളും, എഴുതാപ്പുറവും വഴിയായി പല ലക്കങ്ങളിൽ 'നിർണ്ണയം' നൽകിയ മുന്നറിയിപ്പുകൾ യാഥാർത്ഥ്യമായി പരിണമിച്ചതായി ഇപ്പോൾ എനിക്കു തോന്നുന്നു.

'നിർണ്ണയ'ത്തിന്റെ മൂന്നാം ലക്കത്തിൽ തന്നെ 'കോൺഗ്രസ് വലതിന്റെ വാലാകരുതെ'ന്ന തലക്കെട്ടിൽ പത്രാധിപരെഴുതിയ ലേഖനം കോൺഗ്രസ് നേതാക്കൾ ശ്രദ്ധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അച്ചുതമേനോൻ മന്ത്രിസഭയെ എന്തുചെയ്തും നിലനിറുത്തുകയാണ് തങ്ങളുടെ നയമെന്നപ്രഖ്യാപനമാണ് വാസ്തവത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പാർട്ടിസ്ഥാനാർത്ഥിയെ നിർത്തേണ്ടതില്ലെന്നു കെ. പി. സി. സി. അഡ്ഹോക്ക്കമ്മിററി തീരുമാനിച്ചതിന്റെയർത്ഥ'മെന്നു ആ ലേഖനത്തിൽ പറഞ്ഞതാണ്.

ആറാംലക്കത്തിൽ ''യൂത്ത്കോൺഗ്രസ്സ്കാർ ചിന്തിക്കുമോ' എന്ന. തലക്കെട്ടിൽ എഴുതിയ 'കാഴ്ചപ്പാടുകളും' വായിച്ചു നോക്കി. പാലക്കാട് സമ്മേളനത്തിലെ തീരുമാനത്തിനു വിപരീതമായി കൊച്ചി കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ യൂത്ത് കോൺഗ്രസ്സ് കേരളകോൺഗ്രസ്സുമായി ഐക്യമുണ്ടാക്കിയത് ആലേഖനത്തിൽ അനുസ്മരിക്കുന്നുണ്ട്. 1967ൽ ഐക്യമുന്നണിക്കുണ്ടായ വമ്പിച്ച തെരഞ്ഞെടുപ്പ് വിജയത്തിനു ശേഷം യൂത്ത് കാൺഗ്രസ്സ് സ്വന്തം നയപരിപാടിയനുസരിച്ച് ഒററക്ക് മുമ്പോട്ടു പോയതിന്റെ ഫലമായി നഗരസഭാ തെരഞ്ഞെടുപ്പുകളിൽ മറെറല്ലാശക്തികളേയും തോൽപ്പിച്ചു ഭൂരിപക്ഷം കോൺഗ്രസ്സിനു സാധിച്ചതാണ്. അന്നത്തെ ആ മുന്നേററത്തെ പിന്നോട്ടടിപ്പിച്ചതു യൂത്തു് കോൺഗ്രസ്സ് നേതാക്കളുടെ പിന്തിരിപ്പൻ നയത്തിന്റെ ഫലമാണെന്നു കാണാൻ വിഷമമില്ല.

എട്ടാം ലക്കത്തിൽ യൂത്ത് .കോൺഗ്രസ്സ് സമ്മേളന'ത്തെ അവലോകനം ചെയ്തുകൊണ്ട് എഴുതിയ ലേഖനം ഇന്നു യൂത്ത്കോൺഗ്രസ്സ്കാരിൽ ചിലരെങ്കിലും ഓർക്കുന്നുണ്ടാകും............'സമ്മേളനം കൊണ്ട് വല്ലതും സാധിച്ചിട്ടുണ്ടെങ്കിൽ അത് യൂത്ത്കോൺഗ്രസ്സ് നേതാക്കൾ 'രാജാവിനെക്കാൾ വലിയ രാജഭക്തി പ്രകടിപ്പിച്ചാണ്.' പ്രതിനിധികളിൽ പകുതിയിലേറെയാളുകളുടെ വായ് മൂടിക്കെട്ടിക്കൊണ്ടും പലരേയും അകത്തുകടത്താതെയും യൂത്ത് കോൺഗ്രസ്സ് നേതാക്കൾ അച്ചുതമേനോൻമന്ത്രിസഭക്കു സ്തുതി പാടി. യൂത്ത്കോൺഗ്രസ്സിന്റെ പ്രഖ്യാപിത നയത്തിനു വിരുദ്ധമായി അന്ധമായ മാർക്സിസ്റ്റ് വിരോധം പരത്താൻ ശ്രമിച്ചു' അച്ചുതമേനോൻ മന്ത്രിസഭയെ മറിച്ചിടാനുള്ള ഏതു നീക്കത്തേയും ജനാധിപത്യ സോഷ്യലിസ്റ്റു ശക്തികൾ ഗൗരവപൂർവ്വം കണക്കിലെടുക്കണമെന്നാണ് യൂത്ത്കോൺഗ്രസ് നേതാക്കൾ, സംസ്ഥാന സമ്മേളനത്തിൽ ആവശ്യപ്പെട്ടത്. റഷ്യൻ സ്വാധീനത്തിലുള്ള വലതു കമ്മ്യൂണിസ്റ്റ്കാരുടെ പിണിയാളുകളായി മുസ്ലീംലീഗ് കേരളാകോൺഗ്രസ് പിന്തിരിപ്പന്മാർക്കു ശക്തി വർദ്ധിപ്പിക്കാൻ കോൺഗ്രസിനെ ചട്ടുകമാക്കുന്നതിനു അന്നത്തെ യൂത്ത്കോൺഗ്രസ് നേതാക്കളായ എ. കെ. ആൻറണി, ഉമ്മൻ ചാണ്ടി, തുടങ്ങിയവർ കൂട്ടുനിൽക്കുകയാണ് ചെയ്തത്.

ഒമ്പതാം ലക്കം 'നിർണ്ണയ'ത്തിൽ എഴുതിയ കുറിപ്പുകളിൽ ഇങ്ങനെ പറഞ്ഞു കാണുന്നു. അവസാനം കുറുമുന്നണിയെ വിട്ടുള്ള നില നില്പ് കോൺഗ്രസിനു സാദ്ധ്യമല്ലെന്ന സ്ഥിതി വരുത്തിയ ശേഷം കുറുമുന്നണി നേതാക്കൾ സീററു വിഭജനം നടത്തുമെന്നു 'തകരുന്ന മുന്നണിയും താങ്ങുന്ന കോൺഗ്രസും' എന്നപേരിൽ എഴുതിയ കുറിപ്പിൽ പ്രസ്താവിക്കുന്നുണ്ട്.

''കോൺഗ്രസിനു അർഹമായ സ്ഥാനം ലഭിക്കുകയില്ലെന്നു മാത്രമല്ല, കോൺഗ്രസിന്റെ വോട്ടുകൊണ്ട് മുസ്ലീംലീഗും കേരളാകോൺഗ്രസും വലത് കമ്യൂണിസ്റ്റ്കാരും തടിച്ചു കൊഴുക്കുകയുംചെയ്യും. ഈ നിലയിലാണ് കേരളത്തിലെ അഡ്ഹോക്ക് നേതാക്കൾ കോൺഗ്രസിനെക്കൊണ്ടു ചെന്നെത്തിച്ചിട്ടുള്ളത്. കോൺഗ്രസിനു രക്ഷപെടാൻ ഇനിവൈകിയാൽ അസാദ്ധ്യമാണ്............ഏതുനിമിഷവും തമ്മിതല്ലി നശിക്കാൻ പോകുന്ന മന്ത്രിസഭയുടെ പിന്നാലെ വാലാട്ടി നടക്കുന്ന ഗതികേട് വരുത്തിവെച്ച നേതാക്കളെ വലിച്ചെറിയാതെ നിർവ്വാഹമില്ല,,. നേതാക്കളെക്കാൾ കോൺഗ്രസ് സംഘടനയാണ് വലുതെന്നും ആ കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ തെററായ നയം അനുവർത്തിച്ച സിൻഡിക്കേററ് നേതാവിനെ വിമർശിച്ചതിനു പാർട്ടിയിൽ നിന്നു 'നിർണ്ണയം' പത്രാധിപരെ പുറത്താക്കാൻ വേണ്ടി ശക്തിയായി വാദിച്ചവരാണല്ലോ ഇന്നത്തെ കെ. പി. സി. സി. സെക്രട്ടറി എ. കെ. ആൻറണിയും കൂട്ടുകാരും. വിശ്വനാഥനും ആൻറണിയും പാർട്ടിയെക്കാൾ വലുത് തങ്ങളുടെ നേതൃസ്ഥാനമാണെന്നു വ്യക്തമാകുന്നുണ്ട്.

ഏപ്രിൽ .12 നു-യിലെ 11-ാം ലക്കത്തിൽ എഴുതിയ 'നിലമ്പൂർ നാടക' മെന്ന കുറിപ്പിൽ കോൺഗ്രസ്സിനു കുറുമുന്നണിയോടുള്ള നയം വ്യക്തമാക്കണമെന്നു ആവശ്യപ്പെട്ടിരുന്നു. മെയ് 17 നു-യിലെ 16 ാം ലക്കത്തിൽ എഴുതിയ 'എഴുതാപ്പുറ'ത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു. ''സ്ഥാനം പോകുന്നതിനു തടസ്സമുണ്ടാകുകയില്ലെന്നും പാർലിമെൻറിൽ ഇന്ദിരക്കനുകൂലമായുള്ള കൈപൊക്കികളുടെ സംഖ്യ കൂട്ടുകയായിരിക്കും 'ജനാധിപത്യമുന്നണി' യുടെ ഫലമെന്നു ഈ പത്രങ്ങൾക്കു ഇന്ദിരയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ വിശ്വനാഥനും യൂത്ത്കോൺഗ്രസ്സ് നേതാക്കളുടെ ജനാധിപത്യ ഐക്യം പ്രസംഗിക്കുന്നതു കാണാം............സീററിന്റെ കാര്യത്തിൽപ്പോലും ഗുണാഗുണങ്ങൾ വിവേചിച്ചറിയാൻ കഴിവില്ലാത്ത അഡ്ഹോക്ക് നേതാക്കളേയും യൂത്ത കോൺഗ്രസ്സ് നേതാക്കളെയും കുറുമുന്നണിക്കാരും പത്രക്കാരും കൂടി കുരങ്ങു കളിപ്പിക്കുന്നതു കാണാൻ രസമുണ്ടു'

അതേ ലക്കത്തിൽ തന്നെയുള്ള കുറിപ്പുകളിൽ എഴുതിയിരിക്കുന്നു. 'കേന്ദ്രത്തിലെ സ്ഥാനത്തിന്റെ ഭദ്രതക്കുവേണ്ടി പ്രദേശിക തലത്തിൽ തങ്ങളുടെ അനുയായികളെ ബലികഴിക്കാതിരിക്കാൻ അവർക്കു സാ

ദ്ധ്യമല്ലാതെവരും.' അന്ന് എഴുതിയതു് ഇന്ന് ഇന്ദിരാഗാന്ധി യാഥാർത്ഥമാക്കുകയാണോ?

എല്ലാററിനും ശേഷം 18-ാം ലക്കം 'നിർണ്ണയ' ത്തിൽ 'വിശ്വനാഥൻെറ വിജയ,ത്തെപ്പററി എഴുതിയ ലേഖനമാണ് ഏററവും ശ്രദ്ധേയമായിത്തോന്നിയതു്. നിയമസഭാ പ്രവർത്തനത്തിൽ കോൺഗ്രസ്സിനു നേരിട്ട പരാജയം ഉദാഹരണസഹിതം ചൂണ്ടിക്കാണിച്ചശേഷം ലേഖനത്തിലൊരിടത്തു് പറയുന്നു 'കേന്ദ്രനേതൃത്വത്തിൽ നിന്നു മേലാൽ വേണ്ട മാതിരിയുള്ള നിർദ്ദേശം ഉണ്ടാകാൻ പോകുന്നില്ല കേന്ദ്രഭരണം കൈവിട്ട പോകാതിരിക്കുന്നതിനു വേണ്ട നയപരിപാടികളിലായിരിക്കും അവരുടെ ശ്രദ്ധ. അതുകൊണ്ടു് സംസ്ഥാന നേതൃത്വം തികഞ്ഞ ധൈര്യവും ഭാവനയും പ്രകടമാക്കേണ്ടിയിരിക്കുന്നു കേരളത്തിലെ രാഷ്ട്രീയ രംഗത്തു് കോൺഗ്രസ്സിനുള്ള ശക്തിക്കനുസൃതമായ സ്വരം കേൾപ്പിക്കുകയാണ വേണ്ടതെന്നും ആ ലേഖനത്തിൽ ആവശ്യപ്പെട്ടിരുന്നു.

മെയ് 31 യിലെ 17-ാം ലക്കത്തിൽ മാടായി ഉപതെരഞ്ഞെടുപ്പ് ഫലത്തെ വിശകലനം ചെയ്തുകൊണ്ടു് എഴുതിയ ലേഖനത്തിൽ 'ഐ. എസ്സ്'. പി യും............ വീണ്ടും മാർക്ക്സിസ്റ്റ് പാർട്ടിയുമായി കൂട്ടുകൂടാൻ തയാറായിരിക്കുമെന്നു പറഞ്ഞുകൊണ്ടു് ഇങ്ങനെ എഴുതിയിരിക്കുന്നു. എങ്ങിനെയാണ് മാർക്ക്സിസ്ററ് പാർട്ടിയുമായി പുതിയ വേഴ്ച തുടങ്ങേണ്ടതെന്ന കാര്യത്തിൽ മാത്രമേ ഈ കക്ഷികൾക്കു ആശങ്കയുള്ളു. അങ്ങിനെയൊരു വേഴ്ചയാരംഭിച്ചു കഴിഞ്ഞാൽ അച്യുതമേനോൻ ഇടക്കാല തെരഞ്ഞെടുപ്പിനു നിശ്ചയിക്കാനും മതി. ലേഖകൻെറ പ്രവചനം സത്യമായിത്തീർന്നിരിക്കുന്നു.

യൂത്തു് കോൺഗ്രസ്സുകാരൻ
എറണാകുളം-11

x x x

## ശ്രദ്ധിയ്ക്കപ്പെടാത്ത വാർത്ത

വർഗ്ഗീയതക്കെതിരായി പ്രധാനമന്ത്രി മുതൽക്കിങ്ങോട്ടുള്ളവരെല്ലാം കോലാഹലം നടത്തുന്നതിനിടയിൽ ആരും ശ്രദ്ധിയ്ക്കപ്പെടാതെ കടന്നുപോയ ഒരു സംഭവത്തെപ്പററിയാണ് ഇതെഴുതുന്നതു്. 'നിർണ്ണയം' വായനക്കാർക്കു പ്രത്യേകമായ താൽപ്പര്യം ഉണ്ടാകേണ്ടതാണ് സംഭവം.

ഇന്ത്യൻ സെക്കുലർ സൊസൈററിയുടെ പ്രമുഖപ്രവർത്തകനായ ഹമീദ്ദൽവായിയെ പൂനക്കടുത്തുവെച്ചു് ഒരുകൂട്ടം ഗുണ്ടകൾ മർദ്ദിച്ചവശനാക്കുകയുണ്ടായി. മുസ്ലീം പഴഞ്ചന്മാരുൾപ്പെട്ട ഗുണ്ടാസംഘമാണ് അദ്ദേഹത്തെ മർദ്ദിച്ചതു്. ശരീഅത്ത് നിയമം പരിഷ്ക്കരിക്കണമെന്നു് ആവശ്യപ്പെടുന്നതിനു വേണ്ടി ചേർന്ന ഒരു പൊതുയോഗത്തിൽ സംബന്ധിക്കാൻ ചെന്നപ്പോൾ മുസ്ലീം സമുദായത്തിലെ പിന്തിരിപ്പന്മാർ അദ്ദേഹത്തിനെതിരായി ആക്രമണം നടത്തി. കേരളത്തിലെ മുസ്ലീംലീഗിൻെറ മുഖപത്രമായ 'ചന്ദ്രിക ഈ വാർത്ത ഒന്നാം പേജിൽ വേലികെട്ടി പ്രസിദ്ധീകരിച്ചിരുന്നു. അതു നന്നായി എന്ന സ്വരത്തിലാണ് വാർത്ത യവതരിപ്പിരുന്നതു്.

മുസ്ലീംലീഗിൻെറ പഴഞ്ചത്തവും മുസ്ലീം സമുദായത്തിൽപ്പെട്ടവരെ അപരിഷ്കൃതരായി നിലനിർത്താനുള്ള താൽപ്പര്യവും ശരിയത്തു് നിയമത്തോടും അവർക്കുള്ള പ്രതിപത്തിയിൽ നിന്നും വ്യക്തമാകും. ശരീഅത്ത് നിയമം ഭേദഗതി ചെയ്യാൻ ഇന്ത്യൻ പാർലിമെൻറിനു അധികാരമില്ലെന്നുവരെ മുസ്ലീം ലീഗ് ജന. സെക്രട്ടറി സാലെ മുഹമ്മദ് ഇബ്രാഹിം സേട്ടു് ലോകസഭയിൽ പ്രസംഗിക്കുകയുണ്ടായി. അടുത്തയവസരത്തിൽ സേലത്തു നടന്ന മുസ്ലീംലീഗ് സമ്മേളനത്തിലും പഴഞ്ചനായ ശരിഅത്ത് നിയമം നിലനിറുത്തണമെന്ന വാദം ഉന്നയിക്കപ്പെട്ടു.

ഇന്ത്യയുടെ ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ വ്യക്തിനിയമം ഏകീകരിക്കുന്നതിനു ഗവർമെണ്ടു് ശ്രമിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഇതിനു തടസ്സം നിൽക്കുകയാണ് മുസ്ലീം ലീഗും മററു മുസ്ലീംവർഗീയവാദികളും ഇന്ത്യയിലെ മുസ്ലീമുകളെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ജീവിതരീതികളിലും മററു ജനങ്ങളിൽ നിന്നും വിഭിന്നരായി നിലനിർത്തണമെന്നാണ് മുസ്ലീം ലീഗ് ആഗ്രഹിക്കുന്നതു്. ഹിന്ദുക്കളും മുസ്ലീമുകളും രണ്ടു രാഷ്ട്രമാണെന്നു് മുസ്ലീംലീഗുകാർ ഉന്നയിച്ച വാദത്തിനു ഈ തന്ത്രം ആവശ്യവുമാണ്. ഇക്കാര്യത്തിൽ മുസ്ലീംലീഗുകാരോടു് ഏററവും യോജിപ്പുള്ളവർ ഹിന്ദുമഹാസഭയുടെ നേതാക്കന്മാരും ചില ജനസംഘക്കാരുമാണെന്നു തോന്നുന്നു. പാക്കിസ്ഥാനിലെ ഹിന്ദുക്കളേയും ബംഗാളിലെ മുസ്ലീമുകളേയും പരസ്പരം സ്ഥലം മാററം ചെയ്യണമെന്നു ഈയിടെ ഹിന്ദുമഹാസഭ ആവശ്യപ്പെടുകയുണ്ടായി. ഇന്ത്യ ഹിന്ദുക്കളുടേയും പാക്കിസ്ഥാൻ മുസ്ലീമുകളുടേയുമാണെന്നാണ് ഈയാവശ്യത്തിൻെറ പിന്നിലുള്ളതത്വം. എല്ലാ ഇന്ത്യാക്കാർക്കും ഒരേ തരത്തിലുള്ള വ്യക്തിനിയമം നടപ്പാക്കണമെന്നാവശ്യപ്പെടുന്നതിനെ എതിർക്കുന്നവർ മുസ്ലീമുകൾ മററുള്ളവരിൽ നിന്നു വ്യത്യസ്തരാണെന്നു കാണിക്കുന്നവരിൽ സ്ഥാപിതതാൽപ്പര്യമുള്ളവരാണ്. മുസ്ലീം ജനസാമാന്യത്തെ പഴഞ്ചൻ സിദ്ധാന്തങ്ങളിൽ മയക്കി എന്നെന്നും തങ്ങളുടെ ആജ്ഞാനുവർത്തികളായിക്കൊണ്ടു് നടക്കണമെന്നാണ് ഇത്തരം സാമുദായികവാദികൾ ആഗ്രഹിക്കുന്നതു്. ഹമീദ്ദൽവായിയെപ്പോലുള്ള പരിഷ്ക്കർത്താക്കളെ അവര മർദ്ദിക്കുന്നു.

ഹമീദ്ദൽവായിക്കെതിരായുണ്ടായ മർദ്ദനത്തിൽ ശക്തിയായ പ്രതിഷേധം എല്ലാ പുരോഗമനവാദികളിൽ നിന്നും ഉണ്ടാകേണ്ടതാണ് വർഗ്ഗീയതക്കെതിരെ കോലാഹലം കൂട്ടുന്നവരൊന്നും ഒരു പ്രതിഷേധ ശബ്ദവും പുറപ്പെടുവിച്ചു കണ്ടില്ല. ഹമീദ്ദൽവായിക്കുണ്ടായ അനുഭവം കാണിക്കുന്നതു് അദ്ദേഹത്തിൻെറ തന്നെ പുസ്തകത്തിൽ പറഞ്ഞതു് നൂറുശതമാനവും ശരിയാണെന്നാണ്. ഹിന്ദുക്കളിലെ ഒരു പരിഷ്ക്കർത്താവിനും ഇന്നു ഇങ്ങനെയൊരനുഭവമുണ്ടാകയില്ല. മുസ്ലീം സമുദായത്തിൽ ഇതേവരെ പരിഷ്ക്കർത്താക്കൾ വേണ്ടത്രയുണ്ടാകാത്തതാണ് ഇന്ത്യയുടെ ദുര്യോഗം. ഇവിടത്തെ പുരോഗമന വാദികൾ എന്നവകാശപ്പെടുന്നവരെല്ലാംതന്നെ മുസ്ലീം വർഗ്ഗീയതക്കു വളംവെച്ചുകൊടുക്കുന്നവരാണ്. ഇതിൻെറ ഫലമായി മുസ്ലീം ജന സാമാന്യം കൂടുതൽ കൂടുതൽ മതത്തിൻെറ പിടിയിൽ അമർന്നു അധഃപതിച്ചുകൊണ്ടിരിക്കുന്നു.

ഹിന്ദുക്കളുടെ ഏതു വിശ്വാസത്തിനും ആചാരത്തിനും എതിരായി പരസ്യമായി പ്രസംഗിക്കാനും എഴുതാനും തയാറുള്ള പുരോഗമനവാദികളായ ഹിന്ദുക്കൾ ഇന്നു കുറെയധികം പേരുണ്ടു്. കേരളത്തിൽ അതേപോലെ തന്നെ ക്രിസ്തീയ വിശ്വാസങ്ങളേയും ആചാരങ്ങളേയും എതിർക്കുന്ന യുക്തിവാദികളായ 'ക്രിസ്ത്യാനി'കളേയും കാണാം. എന്നാൽ അത്തരക്കാരെപ്പോലുള്ളവർ മുസ്ലീം സമുദായത്തിൽ വേണ്ടുവോളമുണ്ടായിട്ടില്ല. (ഹമീദ്ദൽവായി തന്നെ 'ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.) ഇതാണ് ദൽവായിയേയും

ശേഷം 14-ാം പേജിൽ

# കോൺഗ്രസ്സ് വലതിന്റെ വാലായി തുടരണമോ ?

കെ. പി. സി. സി. നേതാക്കൾ 'കോൺഗ്രസ്സിനെ വലതിന്റെവാലാക്കി' കഴിഞ്ഞു. കേരളത്തിലെ വർഗ്ഗീയ പിന്തിരിപ്പൻകക്ഷികളിൽ അഗ്രഗണ്യരായ മുസ്ലീംലീഗ്, കേരളകോൺഗ്രസ്സ് എന്നിവയുടെയും അവക്ക് കൂട്ടുകെട്ടുന്നതിനു നേതൃത്വംനൽകുന്ന വലതുകമ്യൂണിസ്റ്റ്പാർട്ടിയുടെയും ചൊൽപ്പടിക്ക്നിൽക്കുകയാണ് കെ. പി. സി. സി. നേതാക്കൾ. ഇന്ത്യയിലെനിലവിലുള്ള സാഹചര്യത്തിൽ ദേശീയടിസ്ഥാനത്തിലുള്ള ഏക കക്ഷിയെ കോൺഗ്രസ്സിനെ ശക്തമായ സമ്മർദ്ദങ്ങളിലൂടെ സോഷ്യലിസ്റ്റ്കക്ഷിയായി പരിവർത്തനം ചെയ്യിക്കുകയും ഇന്ത്യയുടെ സോഷ്യലിസ്റ്റ് പരിവർത്തനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുകയെന്ന ലക്ഷ്യം നേടുന്നതിന് കെ. പി. സി. സി. നേതാക്കൾതടസ്സമായിരിക്കുന്നു. മുമ്പ്പറഞ്ഞിരുന്നതിനെയെല്ലാം അവഗണിച്ചുതള്ളിക്കൊണ്ട് കോൺഗ്രസ്സ് പ്രവർത്തകരുടെ യഭിപ്രായങ്ങളെ മാനിക്കുകയും സ്വാർത്ഥതാൽപ്പര്യത്തിനു വേണ്ടി ചിലനേതാക്കൾ സംഘടനയെ ബലി കഴിച്ചിരിക്കുകയാണ്.

കെ. പി. സി സി പ്രസിഡണ്ട് കെ. കെ. വിശ്വനാഥൻ നാട്ടിക നിയോജകമണ്ഡലത്തിൽ വിജയിക്കുന്നതിനു മുസ്ലീം ലീഗിന്റെ പിന്തുണയുണ്ടെങ്കിൽ എളുപ്പമുണ്ടെന്നു അദ്ദേഹം കരുതുന്നുണ്ടായിരിക്കാം. കേരളാ കോൺഗ്രസ്സിന്റെ പിന്തുണയുണ്ടെങ്കിൽ, ഏ. കെ ആന്റണി, ഉമ്മൻ ചാണ്ടി പ്രഭൃതികൾക്കു ചില നിയോജകമണ്ഡലത്തിൽ നിന്നു നിയമസഭയിൽ കടന്നുചെല്ലാൻ കഴിഞ്ഞെന്നു വരാം. ഇത്തരം സ്വാർത്ഥ ചിന്തകൊണ്ടല്ലെങ്കിൽ പിന്നെയൊരു തരത്തിലും ഇന്നത്തെ രീതിയിൽ കെ. പി. സി. സി നേതാക്കൾ പെരുമാറുന്നതിനു മറ്റൊരു ന്യായീകരണവുമില്ല ജൂൺ 23 നു- ചേർന്ന കെ. പി. സി. സി. നിർവ്വാഹക സമിതി യോഗം പാസ്സാക്കിയ പ്രമേയം തന്നെയാണ് കോൺഗ്രസ്സ് നേതാക്കളുടെ പാപ്പരത്വത്തിനുള്ള ഏറ്റവും വലിയ സാക്ഷിപത്രം. എന്താണ് കെ. പി. സി. സി നേതാക്കൾ പ്രമേയത്തിൽ പറയുന്നത്? 'ഇന്നത്തെ സാഹചര്യത്തിൽ ഭരണത്തിൽ തുടരാൻ അച്ചുതമേനോൻ മന്ത്രിസഭ ശ്രമിക്കരുതെന്നു കമ്മിറ്റി അഭിപ്രായപ്പെടുന്നു' വത്രെ. വെറും അഭിപ്രായം മാത്രം. ആവശ്യം പോലുമല്ല പ്രാർത്ഥിക്കുന്നുവെന്നാണ് വാസ്തവത്തിൽ കെ. പി. സി. സി. നേതാക്കൾ പറയുന്നത്.

യമസഭ പിരിച്ചുവിടാൻ മുഖ്യമന്ത്രി ഗവർണ്ണറെയുപദേശിച്ചത് 'ബുദ്ധിപൂർവ്വ'മായിയെന്നും കമ്മിറ്റിക്ക് അഭിപ്രായമുണ്ട്. ആരെ സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവ്വമായി എന്നാണ് കെ. പി. സി. സി നേതാക്കൾ കരുതുന്നത്? തീർച്ചയായും വലതു കമ്യൂണിസ്റ്റ്കാരെ സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവ്വമായ നടപടി തന്നെയാണ്. കോൺഗ്രസ് നേതാക്കൾക്കു ഇതിൽ കവിഞ്ഞൊന്നും നിയമസഭ പിരിച്ചുവിട്ടതിനെപ്പറ്റിയോ മന്ത്രിസഭ തുടരുന്നതിനെപ്പറ്റിയോ പറയാനില്ലെന്നത് അവരുടെ കഴിവുകേട് വിളിച്ചറിയിക്കുകയാണ്. മന്ത്രിസഭ രാജിവെക്കണമെന്നു മററു പലകക്ഷികളും ഭരണമുന്നണി നേതാക്കൾ പോലും പരസ്യമായി ആവശ്യപ്പെട്ടിട്ടും വെറും അഭിപ്രായം കൊണ്ടാണ് കെ. പി. സി സി നേതാക്കൾ തൃപ്തിയടയുന്നത്. എം. എൻ ഗോവിന്ദൻനായർ ഭാരത് ടൂറിസ്റ്റ് ഹോമിലേക്ക് വിളിച്ചുവരുത്തി നിയമസഭ പിരിച്ചുവിടാൻ തീരുമാനിച്ച വിവരം അറിയിച്ചപ്പോഴേക്കും വിശ്വനാഥൻ സന്തുഷ്ടനായി. സി. അച്ചുതമേനോൻ നാം ഉ എ. കെ. ആന്റണിയേയും ഉമ്മൻചാണ്ടിയേയും കൊടിവച്ച കാറിൽക്കയററി ഓടിച്ചാൽ പിന്നെ വലതുകമ്യൂണിസ്റ്റ്കാർ പറയുന്നതുപോലെ സീററു വിഭജനവും നടക്കുമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്വന്തം സംഘടനയുടെ ആശയങ്ങളെയും ആദർശങ്ങളേയും കുറിച്ച് കെ. പി സി സി നേതൃത്വത്തിനുള്ള അജ്ഞതയേറ്റം ലജ്ജാകരമാണ് അതിനേക്കാൾ ലജ്ജാകരമാണ് കോൺഗ്രസ്സിന്റെ വലുപ്പത്തെക്കുറിച്ചെങ്കിലും നേതാക്കൾ മനസ്സിലാക്കാത്തത്.

ഐക്യമുന്നണി തകർന്നു കഴിഞ്ഞയുടനെ തന്നെ കോൺഗ്രസ്സ് സ്വന്തം ശക്തിയെക്കുറിച്ച് മറ്റു കക്ഷികളേയും നാട്ടുകാരേയും ബോധവാന്മാരാക്കാൻ ശ്രമിക്കേണ്ടതായിരുന്നു. അതിനുപകരം നിയമസഭയുണ്ടായിരുന്ന യവസരത്തിലൊക്കെത്തന്നെ അച്ചുതമേനോൻ മന്ത്രിസഭക്കു സ്തുതി പാടുകയാണ് കെ. പി. സി. സി. നേതാക്കൾ ചെയ്തതു. കോൺഗ്രസ്സിന്റെ പിന്തുണയോടെയല്ലാ ഭരിക്കുന്നതെന്നു പറയുക മാത്രമല്ലാ, പഴയ മുന്നണിയുടെ പിന്തുടർച്ചക്കാരാണെന്നു പ്രചരിപ്പിക്കുകകൂടി ചെയ്ത വലതുകമ്യൂണിസ്റ്റുകാരെ വിശ്വനാഥനും കൂട്ടുകാരും പൂവിട്ടു പൂജിച്ചു. അധികാരം നിലനിർത്തുന്നതിനുവേണ്ടി അവർ ചെയ്ത അഴിമതികളെ തുറന്നാക്ഷേപിച്ചില്ല. പോലീസ് മർദ്ദനങ്ങളെപ്പോലും കയ്യുംകെട്ടി നോക്കിനിന്നു. അച്ചുതമേനോന്റെ 'തിരുവുള്ളക്കേടുണ്ടാകുമോ' എന്നായിരുന്നു കെ. പി. സി. നേതാക്കൾക്കു ഭയം.

ഇപ്പോഴും അച്ചുതമേനോന്റെ പാർട്ടിയുടെ അടവുകൾ മനസ്സിലാക്കാൻ പോലുമുള്ള ബുദ്ധി കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾക്കില്ലാതെ പോയതിൽ ഓരോ കോൺഗ്രസ്സുകാരനും കുണ്ഠിതമുണ്ടായിരിക്കും. നിയമസഭ പിരിച്ചുവിട്ടശേഷം പോലും മുഖ്യമന്ത്രിയായിത്തുടരുന്ന അച്ചുതമേനോൻ ചെയ്ത പ്രസ്താവനകളും പ്രസംഗങ്ങളും എന്തൊക്കെയാണ്? അദ്ദേഹം ജൂൺ 27 നു- തന്നെ പത്രലേഖകരോട് പ്രസ്താവിച്ചതു് ഇങ്ങനെയാണ് 'ഇന്നത്തെ ഗവർമ്മെണ്ടിനു കൂടുതൽ കാര്യക്ഷമതയുണ്ടാകണം. അതിനു സമ്മർദ്ദം സൃഷ്ടിക്കാൻ വേണ്ടിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത് മാത്രമല്ല ഈ ഗവർമ്മെണ്ട് കൂടുതൽ ശക്തിയാർജ്ജിച്ച് വീണ്ടും അധികാരത്തിൽ വരുമെന്ന പ്രത്യാശയാണ് മുഖ്യമന്ത്രി പ്രകടിപ്പിച്ചിരിക്കുന്നത്. (മാതൃഭൂമി ജൂൺ 27)

മുഖ്യമന്ത്രിയുടെ ഈ പ്രസ്താവനയെപ്പററി ഒരക്ഷരംപോലും കെ. പി. സി. സി. നിർവ്വാഹക സമിതിയുടെ പ്രമേയത്തിൽ പറയുന്നില്ല. അടുത്ത മുഖ്യമന്ത്രി താൻതന്നെയാണെന്ന നിലയ്ക്കാണ് അച്ചുതമേനോന്റെ പ്രഖ്യാപനങ്ങൾ ഇതിനെതിരായി കെ. പി. സി. സി. നേതാക്കൾക്കു ഒന്നും തന്നെ പറയാനില്ല. അവർ അച്ചുതമേനോനെ അടുത്ത മുഖ്യമന്ത്രിയായി അംഗീകരിക്കുന്നുണ്ടോ? കെ. പി. സി. സി നേതാക്കൾ ഇന്നേവരെ സ്വീകരിച്ചനയത്തിൽ നിന്നു മനസ്സിലാക്കേണ്ടത് അച്ചുതമേനോനെ മുഖ്യമന്ത്രിയായി അവർ സ്വീകരിച്ചു കഴിഞ്ഞുവെന്നാണ്. അതല്ലെങ്കിൽ പിന്നെ കഴിഞ്ഞ കെ. പി. സി. സി നിർവ്വാഹക സമിതി യോഗത്തിൽ തന്നെ

അച്യുതമേനോന്റെ വ്യാമോഹത്തിനും ധിക്കാരത്തിനും വിരാമമിടേണ്ടതായിരുന്നു..

അച്യുതമേനോന്റെ കണക്കു കൂട്ടൽ ഇന്നത്തെ കുറുമുന്നണി വികസിപ്പിച്ച് കോൺഗ്രസ്സിനു നക്കാപിച്ചകൾ കൊടുത്ത് വീണ്ടും അധികാരത്തിൽക്കയറാമെന്നാണ്. കെ. പി. സി.സി. നേതാക്കൾ അതും സമ്മതിച്ചു കൊടുക്കുമായിരിയ്ക്കണം അച്യുതമേനോൻ പത്രലേഖകരോട് പറഞ്ഞിട്ടുള്ളതു് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 'ഇന്നത്തെ ഭരണകക്ഷികളുടെ ഐക്യമുന്നണി നിലനിൽക്കുമെന്നും അതിൽ ഒരു പക്ഷെ കൂടുതൽ കക്ഷികൾ ചേർന്നേക്കുമെന്നും മുന്നണി കൂടുതൽ വിശാലമാക്കാൻ കഴിഞ്ഞേക്കുമെന്നും കൂടി മുഖ്യമന്ത്രി പറയുകയുണ്ടായി (മാതൃഭൂമി) അപ്പോൾ കുറുക്കു മുന്നണി വികസിപ്പിക്കാനാണ് അച്യുതമേനോന്റെ പരിപാടി. ഏതെല്ലാം കക്ഷികളെയാണ് ചേർക്കാൻ പോകുന്നതെന്നു പറഞ്ഞിട്ടില്ല. കെ. കെ. വിശ്വനാഥനെ കണ്ട് എം. എൻ. ഗോവിന്ദൻ നായർ സംസാരിച്ചപ്പോൾ കോൺഗ്രസ്സിനെ കൂട്ടിച്ചേർക്കാമെന്നു പറഞ്ഞു കാണണം. വിശ്വനാഥൻ സന്തോഷത്തോടെ എംമ്മനെ താണുവണങ്ങിഅത് സ്വീകരിച്ചും കാണണം. അതല്ലെങ്കിൽപ്പിന്നെ അച്യുതമേനോനു ഇത്ര വികാരപൂർവ്വം കുറുമുന്നണി വികസിപ്പിക്കുന്നതിനെപ്പററി പറയാൻ ധൈര്യമുണ്ടാകുന്നതെങ്ങിനെ? കെ. പി. സി. സി. നേതാക്കളെ വലത് കമ്യൂണിസ്ററുകാർ വെറുതെ എഴുതിത്തള്ളിക്കഴിഞ്ഞു. എം. എൻ. ഗോവിന്ദൻ നായരെക്കാണുന്ന സമയത്ത് വിശ്വനാഥൻ കോൺഗ്രസ്സിന്റെ ശക്തിയെക്കുറിച്ച് ബോധ്യപ്പെടുത്തുന്ന വിധത്തിൽ സ്വതന്ത്രമായനിലപാടെടുത്തിരുന്നുവെങ്കിൽ മുഖ്യമന്ത്രി ധിക്കാരപൂർവ്വമുള്ള പ്രസ്താവനകൾ ചെയ്യുമായിരുന്നില്ല.

നിയമസഭ പിരിച്ചുവിട്ടശേഷം കെ. പി. സി. സി. നിർവ്വാഹകസമിതിയുടെ യോഗം ചേർന്നുപ്രമേയംപാസ്സാക്കിയിട്ടും വലതുകമ്യൂണിസ്ററ് പാർട്ടിയുടെയും മുഖ്യമന്ത്രിയുടെയും സ്വരത്തിൽ മാററമൊന്നുമുണ്ടായിട്ടില്ല. മുഖ്യമന്ത്രി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനയിൽപ്പറയുന്നതു് മന്ത്രിസഭയുടെരാജിക്കാര്യം ഘടകകക്ഷികളിൽ തീരുമാനിച്ചിട്ടില്ലെന്നാണ്. കെ. പി. സി. സി. നേതാക്കളുടെ അഭിപ്രായത്തിനു അദ്ദേഹം ഒരു വിലയും കൽപ്പിച്ചിട്ടില്ല. ആദ്യംമുതൽക്കുണ്ടായിരുന്ന ഈ സ്ഥിതി നിയമസഭപിരിച്ചുവിട്ടപ്പോഴത്തെ പ്രസ്താവനയിൽപ്പോലും പ്രകടമായിക്കാണാം. 'ഐക്യമുന്നണിയുടെ മിനിമംപരിപാടി കൂടുതൽ ഊർജ്ജസ്വലമായിനടപ്പാക്കുന്നതിനുകൂടുതൽ കെട്ടുറപ്പുള്ള ഒരു ഗവർമ്മേണ്ട് നിലവിൽ കൊണ്ടുവരുന്നതിനാണ്. ജനവിധി ആരായുന്നതെ'ന്നാണ് (ജനയുഗംജൂൺ27ശനി) മുഖ്യമന്ത്രിപ്രസ്താവിച്ചിരിക്കുന്നത്.

അച്യുതമേനോനും കൂട്ടുകാരും ജനവിധിക്കായി സമർപ്പിച്ചിട്ടുള്ള മിനിമം പരിപാടിയെന്താണെന്നു പോലും കോൺഗ്രസ്സ് നേതാക്കൾ ആലോചിച്ചിട്ടില്ല, പഴയ ഏഴുകക്ഷിമുന്നണി തയ്യാറാക്കിയ മിനിമം പരിപാടിയാണതു്. അതുനടപ്പാക്കിക്കൊണ്ടിരിക്കയാണെന്നാണ് എന്നും വലതു കമ്യൂണിസ്ററുകൾ പറഞ്ഞു കൊണ്ടിരുന്നതു്. ഇപ്പോഴും പറയുന്നതും. കോൺഗ്രസ്സ് ദുർഭരണം അവസാനിപ്പിക്കാൻ കേരളത്തിൽ ഒരുറച്ച ജനാധിപത്യ ഗവർമ്മെണ്ട് രൂപീകരിക്കാൻ, ഏഴുപ്രതിപക്ഷ പാർട്ടികളുടെ യോജിച്ചതായ പ്രഖ്യാപനം എന്നപേരിൽ പ്രഭാത് ബുക്ക് ഹൗസിൽ നിന്നു ഈ മിനിമം പരിപാടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മിക്കവാറും അവ്യക്തമായ ആ പരിപാടിയിൽ എന്തെങ്കിലും വ്യക്തതക്കുള്ള കാര്യമുണ്ടെങ്കിൽ അതു കോൺഗ്രസ്സിനെതിരായുള്ള ശകാരമാണ്. ഐക്യമുന്നണിയുടെ മിനിമം പരിപാടിയുടെ ആമുഖത്തിൽ തന്നെ പറയുന്നു കോൺഗ്രസ്സ് ഗവർമ്മെണ്ടിനും നേരിട്ട ഭയങ്കര പരാജയമാണ് മതന്യൂന പക്ഷങ്ങളുടേയും ഗിരിവർഗ്ഗക്കാരുടേയും പിന്നാക്ക ജാതിക്കാരുടേയും അവശതകൾ, ഭാഷമുതലായ പ്രശ്നങ്ങളോരോന്നും കുഴഞ്ഞു മറിഞ്ഞു് ദേശീയപ്രശ്നമായി ഉയർന്നു വരാൻ ഇടയാക്കിയതു്. ഈ പ്രശ്നങ്ങളോരോന്നിനും ന്യായമായ പരിഹാരം നൽകി ഇന്ത്യൻ ജനതയെ യഥാർത്ഥമായി യോജിപ്പിക്കുന്നതിനു പകരം 'ദേശീയോൽ പ്രശ്നത്തെ''പ്പററി നിരർത്ഥകമായ പ്രസംഗങ്ങൾ നടത്തുകയാണ് മന്ത്രിമാരും മററു കോൺഗ്രസ്സ് നേതാക്കളും ചെയ്യുന്നതു്. അങ്ങനെ കോൺഗ്രസ്സ് ഭരണം അവശ സമുദായക്കാരുടേയും മത-ഭാഷാ ന്യൂനപക്ഷങ്ങളുടേയും ന്യായമായ അവകാശങ്ങൾക്കെന്ന പോലെ തന്നെ ഇന്ത്യയുടെ ഐക്യത്തിനും വിഘാതമായിത്തീർന്നിരിക്കുന്നു വെന്നത്ഥം.

വലതു് കമ്മ്യൂണിസ്ററുകളും കൂട്ടുകാരും ചേരന്നു നടത്തിയ ഈ പ്രഖ്യാപനത്തിൽ കെ. കെ. വിശ്വനാഥനും കൂട്ടുകാരും കൂടി അടിയൊപ്പിട്ടു കൊടുത്തിരിക്കയാണ് കെ. പി. സി. സി. നേതാക്കളുടെ സ്ഥാനമോഹത്തിന്റെ ഫലമായും കഴിവുകേടിന്റെ ഫലമായും നടത്തിയ ഈ നാണക്കേടിനു കൂട്ടുനിൽക്കാൻ യഥാർത്ഥ കോൺഗ്രസ്സുകാരെ കിട്ടുകയില്ല. മിനിമം പരിപാടിയുടെ പേരിൽ, മുഖ്യമന്ത്രിയായിരുന്നു കൊണ്ട് വോട്ടുചോദിക്കുന്ന അച്യുത മേനോനെക്കൊണ്ട് കോൺഗ്രസ്സിനെ ചവിട്ടി മെതിക്കുന്നു. അച്യുതമേനോനെക്കൊണ്ട് പരാജയം സമ്മതിപ്പിക്കുന്നതിനു പകരം അദ്ദേഹത്തിന്റെ പാദസേവ തുടരുകയാണ് കെ. പി. സി. സി. നേതാക്കൾ ചെയ്യുന്നതു്. അതല്ലെങ്കിൽ പിന്നെ ഇപ്പോഴത്തെ ഐക്യമുന്നണി വീണ്ടും അധികാരത്തിൽ വരുമെന്നും പഴയ ഐക്യമുന്നണിയുടെ മിനിമം പരിപാടി നടപ്പാക്കുമെന്നും മന്ത്രി സഭയിൽ ഇരുന്നു കൊണ്ട് പ്രഖ്യപനം നടത്തിയ അച്യുത മേനോനെതിരെ ഒററവാക്കുപോലും കെ. പി. സി. സി. നേതാക്കൾ ഉരിയാടത്തതിന്റെയർത്ഥമെന്താണ്?

ഒരുതരത്തിൽ പറഞ്ഞാൽ അച്യുതമേനോനും കൂട്ടുകാരും ജനോപകാരപ്രദമായി കാര്യമായൊന്നും ചെയ്യുന്നില്ലെങ്കിലും മിനിമം പരിപാടിയിലെ മുഖ്യ ഇനം നടപ്പാക്കുന്നുണ്ടെന്നു സമ്മതിക്കേണ്ടതാണ്. കോൺഗ്രസ്സിനു പാർളിമെൻറിലും നിയമസഭയിലുമുള്ള സ്വാധീനം പരമാവധി കുറക്കുമെന്നു മിനിമം പരിപാടിയിൽ പറഞ്ഞിട്ടുണ്ട്. 'കോൺഗ്രസ്സ് നടത്തിയ ദുർഭരണത്തിന്റേയും കേരളത്തോട് കേന്ദ്രം കാണിച്ച അവഗണയയുടെയും ഫലമായി ദുരിതമനുഭവിക്കുന്ന പ്രശ്നപ്രസ്ഥാനത്തിന്റെ 'പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ' കോൺഗ്രസ്സിതര ജനകീയ ഗവർമ്മെണ്ട് ഉണ്ടാക്കാൻ' പിന്തുണ നൽകണമെന്നാണ് മിനിമം പരിപാടിയിൽ ആവശ്യപ്പെട്ടിരുന്നതു്. ഫലത്തിൽ ഇപ്പോഴും അച്യുതമേനോനും കൂട്ടുകാരും അത് തന്നെപ്പറയുകയും നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

കോൺഗ്രസ്സിനു നിയമസഭയിൽ അംഗസംഖ്യ ഏററവും കുറക്കുകയാണ് അവരുടെ തന്ത്രം. മന്ത്രിസഭയിലിരുന്നുകൊണ്ട് കേരളാകോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും അടുപ്പിച്ചുനിർത്തി സീററു വിഭജനം നടത്തുകയാണ് വലതു് കമ്യൂണിസ്റ്റ് കാരുടെ തന്ത്രം സീററുവിഭജനം കോൺഗ്രസ്സിനു അർഹമായ സ്വാധീനത്തിനനുസരിച്ചായിരിക്കയില്ലെന്നു തീർച്ച. ഉപതെരഞ്ഞെടുപ്പുകൾ അതു് വ്യക്തമാക്കിയിട്ടുണ്ട്. നിലമ്പൂരിൽ കുറുമുന്നണിയുടെ ആവശ്യാനുസരണം കോൺഗ്രസ്സുകാരനെ

(ശേഷം 12-ാംപേജിൽ)

# എഴുതാപ്പുറം

അപ്രതീക്ഷിതമായി കേരളനിയമസഭ പിരിച്ചുവിട്ടിരിക്കുന്നു. വലതു് കമ്യൂണിസ്റ്റ് പാർട്ടിയുടെ സമർത്ഥമായ രാഷ്ട്രീയ തന്ത്രമാണ് ഈ നടപടിയെന്നു സമ്മതിക്കണം. ഏതെങ്കിലും തരത്തിൽ തങ്ങളുടെ എതിരാളികളായി വരാവുന്ന എല്ലാവർക്കും ഒരുതരത്തിൽ കബളിപ്പിക്കാൻ വലതു് കമ്യൂണിസ്റ്റ് പാർട്ടിക്കു സാധിച്ചിട്ടുണ്ടു്. അധികാര വടം വലിയിൽ കവിഞ്ഞു് മറ്റൊന്നും തന്നെ നടക്കാത്ത നമ്മുടെ രാഷ്ട്രീയ രംഗത്തു് വലതുകമ്യൂണിസ്റ്റ് പാർട്ടിപ്രയോഗിച്ച അടവു വിജയിച്ചതിൽ മററുള്ളവർ പരിഭവിച്ചിട്ടു കാര്യമില്ല.

1965 ലെ ഉപ തെരഞ്ഞെടുപ്പോടു കൂടി കേരളത്തിൽ മിക്കവാറും മരിച്ചുപോയ വലതു് കമ്യൂണിസ്റ്റ് പാർട്ടിയാണ് മിക്കവാറും അടവുകൾ കൊണ്ടും തന്ത്രങ്ങൾ കൊണ്ടും കേരള രാഷ്ട്രീയത്തിൻറ ഗതിവിഗതികൾ നിയന്ത്രിക്കുന്ന താക്കോൽ സ്ഥാനത്തെത്തിയിരിക്കുന്നതു്. 1965 ൽ മൂന്നുസ്ഥാനം മാത്രമാണ് ആ പാർട്ടിക്കു നിയമസഭയിൽ ലഭിച്ചതു്. ഇപ്പോൾ ഒരു തെരഞ്ഞെടുപ്പു് നടക്കുകയും ആ പാർട്ടി ഒററക്കു മത്സരിക്കുകയും ചെയ്താൽ.ഒരു നിയമസഭാ സ്ഥാനം പോലും ലഭിക്കുമോ എന്നകാര്യം സംശയവുമാണ്. അങ്ങിനെയുള്ള ഒരുകക്ഷി ഇടതു് കമ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണയോടു കൂടി നിയമസഭയിൽ രണ്ടാം കക്ഷിയായിത്തീർന്നു. ഇടതുകമ്യൂണിസ്റ്റ് കാരിൽ നിന്നു ഒന്നു രണ്ടാളെ കൂടി പ.ടിച്ചെടുത്തു് മുഖ്യമന്ത്രി സ്ഥാനം കൈവശപ്പെടുത്തി. 1965 മുതൽക്കേ ഇടതു് കമ്യൂണിസ്റ്റ് കാരുടെ ഉററചങ്ങാതിയായ മുസ്ലിംലീഗിനെ അവരിൽ നിന്നു അകത്തിയെടുത്തു് സ്വന്തം അണിയിൽ കൊണ്ടുവന്നു. ആർ. എസ്സ്. പി.ക്കു മന്ത്രിസഭയിൽ സ്ഥാനം കൊടുക്കാതെ തന്നെ പിൻതുണ നൽകേണ്ട സ്ഥിതിയിലെത്തിച്ചു. രണ്ടാം പാർട്ടിയായിരുന്ന കെ. ടി. പി. യെ പിളർന്നു കെ. കെ. പി.യുണ്ടാക്കി. കേരളത്തിൽ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി കഴിഞ്ഞാൽ ഏററവും വലിയ രാഷ്ട്രീയ കക്ഷിയായ കോൺഗ്രസ്സിനെക്കൊണ്ടു് തങ്ങൾക്കു് ദാസ്യവൃത്തി ചെയ്യിച്ചു. ഇന്നു കോൺഗ്രസ്സ് രണ്ടാം ശക്തിയാണെന്നു അവരുടെ നേതാക്കൾക്കുപോലും പറയാൻ വയ്യാത്ത ഗതികേടിലാക്കി. കേരളാ കോൺഗ്രസ്സിൻറ പിന്തുണ നേടിയെടുത്തു. ഐ. എസ്സ് പി. യെ പിളർന്നു പി. എസ്സ്. പി. യുണ്ടാക്കി, ഇതിൻറ പിന്നിൽ വലതു കമ്യൂണിസ്റ്റ് കാരുടെ രാഷ്ട്രീയ അടവുകൾ മാത്രമാണ് പ്രവർത്തിച്ചതെന്നു പറയുന്നില്ല. പക്ഷെ അവരുടെയടവുകൾക്കു് നിർണ്ണായകമായ പങ്കു് ഇതിൻറ പിന്നിലുണ്ടായിരുന്നു വെന്നതു് തീർച്ചയാണ്.

ഏററവും ഒടുവിലായി നിയമസഭ പിരിച്ചുവിടാൻ ഗവർണ്ണറെ ഉപദേശിക്കുന്നതിനു വലതു് കമ്യൂണിസ്റ്റ് നേതാവു് തെരഞ്ഞെടുത്ത സമയം രാഷ്ട്രീയാടവിൽ മികച്ച സാമർത്ഥ്യംകാണിച്ചു കൊണ്ടുള്ളതാണ്. തങ്ങളെശല്യപ്പെടുത്തിക്കൊണ്ടിരുന്ന ഐ. എസ്സ്.പി.ക്കാർ ആപ്പൂരിയ കുരങ്ങിനെപോലെ അമ്പരന്നുപോയി. ഇപ്പോൾ ഐ. എസ്സ്. പി. തന്നെ ഒരിക്കൽകൂടി പിളർന്നാൽ അത്ഭുതപ്പെടേണ്ട. ഐ.എസ്സ്.പി. ക്കാരും മാർക്സിസ്റ്റ് പാർട്ടിക്കാരും മററും നിയമസഭ പിരിച്ചുവിട്ടതിനെതിരായി ഉണ്ടാകുന്ന കോലാഹലം തന്നെവലതു് കമ്യൂണിസ്റ്റ് തന്ത്രംവിജയിച്ചതിൻറ ഉദാഹരണമാണ്.

നിയമസഭ പിരിച്ചു വിട്ടതിനെപ്പററി രാഷ്ട്രീയ നേതാക്കളിൽ നിന്നുണ്ടായ പ്രതികരണം പരസ്പര വിരുദ്ധമാണ്. മന്ത്രിസഭപിരിച്ചു വിട്ടതിൻറ തലേദിവസം ജൂൺ26നു- വെള്ളിയാഴ്ച മാർക്സിസ്റ്റ് നേതാവു് നേതാവു് ഏ. കെ. ഗോപാലൻ. ചെയ്ത പ്രസ്താവനയും അതിനുശേഷം അദ്ദേഹത്തിൻറ പാർട്ടി പ്രകടിപ്പിച്ച അഭിപ്രായവും കടകവിരുദ്ധമാണ്. വെള്ളിയാഴ്ച കോഴിക്കോട്ടു് വച്ചു് ഏ. കെ. ജി. പത്രക്കാരോടു പറഞ്ഞു. അടുത്തുതന്നെ അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലും ഒരിടക്കാല തെരഞ്ഞെടുപ്പു് ഉണ്ടാകയാണെങ്കിൽ മാർക്സിസ്റ്റ്പാർട്ടി സ്വാഗതം ചെയ്യുമെന്നു എ. കെ. ഗോപാലൻ പറഞ്ഞു(മാതൃഭൂമി'ജൂൺ26) ഇടക്കാലതെരഞ്ഞെടുപ്പാണ് മാർക്സിസ്റ്റ് പാർട്ടിയാഗ്രഹിച്ചിരുന്നതെന്നതിനു വലിയതെളിവുകളൊന്നും ആവശ്യമില്ല. പാർട്ടിയുടെ പ്രമേയങ്ങളായും നേതാക്കളുടെ പ്രസ്താവനകളായും ആവശ്യം ധാരാളം പ്രാവശ്യം കേട്ടിട്ടുള്ളതാണ്. അച്ചുതമേനോൻ മന്ത്രിസഭക്കു നിയമസഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടതുകൊണ്ടാണ് മാർക്സിസ്റ്റ്പാർട്ടി ഇടക്കാലതെരഞ്ഞെടുപ്പു് നടത്തണമെന്നു ആവശ്യപ്പെട്ടിരുന്നതെന്നും പറയാനാവില്ല. വെള്ളിയാഴ്ച എ. കെ. ജി. ചെയ്തപ്രസ്താവനയിൽത്തന്നെ ഇങ്ങനെ പറയുന്നുണ്ടു്—"കേരളത്തിലെ ഇന്നത്തെ മന്ത്രിസഭ താഴെവീഴുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അച്ചുതമേനോൻ മന്ത്രിസഭയെ മറിച്ചിടാൻ മുന്നണിയിലെ ഘടകകക്ഷികളൊന്നും തന്നെ ശ്രമിക്കുകയില്ലെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഓരോകക്ഷിക്കും തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി വിലപേശൽ നടത്തുക മാത്രമാണ് ഇന്നു ചെയ്യുവന്നതു്".

ഏ. കെ. ജി. ഈ പ്രസ്താവിച്ചതത്രയും ശരിയാണ് പക്ഷെ അപ്രതീക്ഷിതമായി അച്ചുതമേനോൻ നിയമസഭ പിരിച്ചുവിട്ടു് ഇടക്കാലതെരഞ്ഞെടുപ്പ് നടത്താൻ നിശ്ചയിച്ചപ്പോൾ എ. കെ. ജി. യും അദ്ദേഹത്തിൻറ പാർട്ടിയും മുമ്പു പറഞ്ഞിരുന്നതിനെതിരായി പ്രസ്താവന തുടങ്ങി. ഇഷ്ടമില്ലാത്തയച്ചി തൊട്ടതെല്ലാം കുററം എന്ന തത്വശാസ്ത്രമല്ലാതെ മറെറാന്നുംതന്നെ നിയമസഭ പിരിച്ചു വിട്ടതിനെ മാർക്സിസ്റ്റ് നേതാക്കൾ എതിർക്കുന്നതിൻറ പിന്നിലില്ല.

"അസംബ്ളിയിലെ ഏററവും വലിയ കക്ഷിയുടെ നേതാവിനെ അറിയിക്കുകപോലും ചെയ്യാതെ നിയമസഭ പിരിച്ചു വിട്ട ഗവർണ്ണറുടെ നടപടി പക്ഷപാതപരമായിപ്പോയിയെന്നു ശ്രീമതി. കെ. ആർ. ഗൌരിപറഞ്ഞു (മാതൃഭൂമി, ജൂൺ28 ഞായറാഴ്ച)മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു 73 എം. എൽ. എ. മാർ എഴുതി ഒപ്പിട്ട കത്തു് തൻറ കൈവശമുണ്ടെന്നാണ് കെ. ആർ. ഗൌരി പറഞ്ഞിരിക്കുന്നതു്. ഗൌരിയൊഴികെ മറെറാരു പാർട്ടി നേതാവും ഈ കത്തിനെപ്പററി പറഞ്ഞു കാണുന്നില്ല. നിയമ സഭ പിരിച്ചു വിട്ടു് തെരഞ്ഞെടുപ്പു നടത്തണമെന്നു വളരെക്കാലമായി മുറവിളികൂട്ടുന്ന ഒരു കക്ഷിയാണ് മാർക്സിസ്റ്റ് പാർട്ടി. ഈയാവശ്യം ഉന്നയിച്ചുകൊണ്ടു് ഏതാനും മാസം മുമ്പു് മാർക്സിസ്റ്റ് പാർട്ടി ഒരു നിവേദനംപോലും ഗവർണ്ണർക്കു് സമർപ്പിച്ചിട്ടുണ്ടെന്നാണ് ഓർമ്മ. അങ്ങിനെയുള്ള കക്ഷിയോടു് നിയമസഭ പിരിച്ചുവിടുന്നതിനെപ്പററി പിന്നീടു് ആലോചിക്കേണ്ടയാവശ്യമെന്താണുള്ളതു്? എ. കെ. ജി. തലേ ദിവസം വരെ പറഞ്ഞതു് അച്ചുതമേനോൻ മന്ത്രിസഭ താഴെ വീഴാത്ത വിധം പിന്തുണ അതിനു നിയമസഭയിൽ ഉണ്ടെന്നുമാണ്.

ബദൽ മന്ത്രി സഭയുണ്ടാക്കാൻ ശ്രമിക്കുയില്ലെന്നും ഇടക്കാല തെരഞ്ഞെടുപ്പാണ് തങ്ങൾക്കാവശ്യമെന്നും പലവട്ടം ആവശ്യപ്പെട്ടിട്ടുള്ള മാർക്സിസ്റ്റ് പാർട്ടിക്കു നിയമസഭ പിരിച്ചു വിട്ടതിനെ എതിർക്കാൻ അവകാശമില്ല. എന്നിട്ടും മറെറാരു

മന്ത്രിസഭ രൂപവൽക്കരിക്കാനുള്ള ഭൂരിപക്ഷം മറ്റേതെങ്കിലും പാർട്ടിക്ക് ഉണ്ടോയെന്നു ഗവർണ്ണർ പരിശോധിക്കേണ്ടതായിരുന്നുവെന്നു മാർക്സിസ്റ്റ് നേതാവ് സി. എച്ച്. കണാരൻ (മാതൃഭൂമി, ജൂൺ 27) പ്രസ്താവിച്ചിരിക്കുന്നതിനു വില കല്പിക്കാനാവില്ല. ഏതാണ്ട് ഇതേ രീതിയിൽ തന്നെയാണ് ആ പാർട്ടിയുടെ സെക്രട്ടറിയേറ്റിന്റെ പ്രമേയവും.

“നിയമസഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ട മുഖ്യമന്ത്രിയുടെ ഉപദേശമാണ് ഗവർണ്ണർ സ്വീകരിച്ചിരിക്കുന്നതെന്നാണ് “മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറിയേറ്റിന്റെ ആക്ഷേപം. “ജനാധിപത്യ ഭരണ വ്യവസ്ഥയുടെ എല്ലാ നല്ല കീഴ്‌വഴക്കങ്ങളേയും തരിമ്പും നാണമില്ലാതെ ലംഘിച്ചുകൊണ്ടുള്ള നടപടികളാണ്” നടന്നതെന്നും സെക്രട്ടറിയേറ്റ് കുറ്റപ്പെടുത്തുന്നു. പാർലിമെന്ററി ഭരണത്തോടും അതിന്റെ കീഴ്‌വഴക്കങ്ങളോടും മാർക്സിസ്റ്റ് പാർട്ടിക്കണിക്കുന്ന അത്യധികമായ ആഭിമുഖ്യവും ആദരവും അവരുടെ പ്രതിയോഗികൾക്കു നാളെ അവർക്കെതിരായി പ്രയോഗിക്കാവുന്ന നല്ല ആയുധമായിത്തീരും. കീഴ്‌വഴക്കമനുസരിച്ചാണെങ്കിൽ അച്ചുതമേനോന്റെ നടപടിയിൽ വലിയ തെറ്റുകാണാനാവില്ല. ബ്രിട്ടീഷ് പാർലിമെന്ററി ഭരണരീതിയനുസരിച്ച് ഭൂരിപക്ഷ പിന്തുണയുള്ള മുഖ്യമന്ത്രിയുടെ ഉപദേശാനുസരണം ഗവർണ്ണർ നടപടിയെടുക്കേണ്ടതാണ്

വാസ്തവത്തിൽ മുഖ്യമന്ത്രി അച്ചുതമേനോന്റെ ഉപദേശം ഗവർണ്ണർ സ്വീകരിക്കാതിരിക്കേണ്ടതായിരുന്നുവെന്നും ബദൽ മന്ത്രിസഭയുണ്ടാക്കാൻ ആർക്കെങ്കിലും കഴിയുമോയെന്നു പരിശോധിക്കേണ്ടതായിരുന്നുവെന്നും വാദിക്കുന്നതാണ് ജനാധിപത്യ കീഴ്‌വഴക്കത്തിനു വിരുദ്ധമായ നടപടി അച്ചുതമേനോൻ ഭരണഘടനാവ്യവസ്ഥകൾ ലംഘിച്ചുവെന്നു ഐ. എസ്സ്. പി നേതാവ് ചന്ദ്രശേഖരൻ ആരോപണമുന്നയിക്കുന്നതാണ് ഏറ്റവും വിചിത്രമായ കാര്യം. ഗവർണ്ണറുടെ നടപടി ഭരണഘടനയിലെ 174-ാം ഖണ്ഡികയനുസരിച്ചുള്ളതാണ്. 193-ാം ഖണ്ഡികയനുസരിച്ചു മുഖ്യമന്ത്രി ചെയ്ത ഉപദേശ പ്രകാരമുള്ളതാണ് ഗവർണ്ണറുടെ നടപടി. മുഖ്യമന്ത്രിയുടെ ഉപദേശം ഗവർണ്ണർ അനുസരിക്കാൻ പാടില്ലായിരുന്നുവെന്നാണോ അഡ്വക്കേറ്റ് ചന്ദ്രശേഖരൻ പറയുന്നത്? ഭൂരിപക്ഷ പിന്തുണ അച്ചുതമേനോൻ മന്ത്രിസഭയ്ക്കില്ലെന്നു ചന്ദ്രശേഖരൻ പറഞ്ഞു കാണുന്നില്ല. മാത്രമല്ല, നിയമസഭ പിരിച്ചു വിടുന്നതിനു തൊട്ടു മുമ്പ് വരെ അദ്ദേഹത്തിന്റെയഭിപ്രായം മറ്റൊന്നായിരുന്നു താനും. 1972 വരെ അച്ചുതമേനോൻ മന്ത്രിസഭ ഭരിക്കേണ്ടതാണെന്ന് ചന്ദ്രശേഖരൻ ശനിയാഴ്ചകൂടിയ പത്രലേഖകരോട് പറഞ്ഞിരുന്നു. അപ്പോൾ ചന്ദ്രശേഖരന്റെയഭിപ്രായത്തിൽത്തന്നെ ഭൂരിപക്ഷ പിന്തുണയുള്ള മുഖ്യമന്ത്രിയാണ് ഗവർണ്ണറെ ഉപദേശിച്ചിട്ടുള്ളത്.

ഏകോപനസമിതി യോഗത്തിൽ ആലോചിച്ചില്ലെന്നും മന്ത്രിസഭായോഗം ചേർന്നില്ലെന്നാണ് ചന്ദ്രശേഖരന്റെ പരാതി (മാതൃഭൂമി, ജൂൺ 27) ഈ പരാതി പറയാൻ ചന്ദ്രശേഖരനു നാണമില്ലേയെന്നു ചോദിക്കാതെ നിർവ്വാഹമില്ല. അദ്ദേഹത്തിന്റെ കക്ഷിക്കാരനായ ഒ. കോരൻ മന്ത്രിസഭയിൽ ഇപ്പോഴും തുടരുകയാണ്. ഐ. എസ്സ്. പി യുടെ വീരശൂരപരാക്രമിയായ പി. ആർ. കുറുപ്പിന്റെയഭിപ്രായം അതിലേറെ പരിഹാസ്യമാണ്. മന്ത്രിസഭ രാജിവെക്കാതെ നിയമസഭ പിരിച്ചുവിടാൻ ഗവർണ്ണറെയുപദേശിച്ചതു് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണെന്നാണ് പി. ആർ കുറുപ്പ് പറഞ്ഞതു് (മനോരമ, ജൂൺ 27) മന്ത്രിസഭ രാജിവെച്ച് പി. ആർ കുറുപ്പിനോട്ട് മറ്റൊരു മന്ത്രിസഭയുണ്ടാക്കാൻ ഗവർണ്ണർ ആവശ്യപ്പെടാത്തതു കൊണ്ടാണോ ഈ പരാതിയെന്നറിഞ്ഞുകൂടാ. കാരണം അച്ചുതമേനോൻ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു ഐ. എസ്സ് പി യോ ഭരണമുന്നണിയിലെ മറ്റേതെങ്കിലും കക്ഷിയോ ഒരിക്കലെങ്കിലും പറഞ്ഞിട്ടില്ലാത്തയവസരത്തിൽ മറ്റൊരു മന്ത്രിസഭയുണ്ടാക്കേണ്ടതിനെപ്പറ്റി ചിന്തിക്കേണ്ട കാര്യം ഗവർണ്ണർക്കില്ല. അച്ചുതമേനോൻ മന്ത്രിസഭയെ രാജിവെക്കുക മാത്രം ചെയ്യുകയും നിയമസഭ പിരിച്ചുവിടാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ, ആരെ മന്ത്രിസഭയുണ്ടാക്കാൻ ക്ഷണിക്കണമെന്നായിരുന്നു ഇവർ പറയുന്നതു്?

പ്രധാന പ്രതിപക്ഷമായ മാർക്സിസ്റ്റ് പാർട്ടി ഇപ്പോൾ എന്തൊക്കെ പറയുന്നുണ്ടെങ്കിലും ശരി അവർ ഇടക്കാല തെരഞ്ഞെടുപ്പിനു വേണ്ടിയാണ് നിയമസഭ പിരിച്ചുവിടുന്നതു വരെ വാദിച്ചു പോന്നിട്ടുള്ളതു്. അതുകൊണ്ട് ആ പാർട്ടിയെ മന്ത്രിസഭയുണ്ടാക്കാൻ ഗവർണ്ണർ ക്ഷണിച്ചില്ലെങ്കിൽ കുറ്റപ്പെടുത്താനാവില്ല. പിന്നെ പി. ആർ കുറുപ്പിനേയും എം. എം തോമസ്സിനേയും മറ്റും ക്ഷണിച്ചില്ലെന്നാണ് ആക്ഷേപമെങ്കിൽ, ഗവർണ്ണർ വിഷമിച്ചു പോകുകയേയുള്ളു. കാരണം അവരെപ്പോലെ ഈ രാജ്യത്തു് ഏതു പൌരനും ‘ഞാൻ മന്ത്രിസഭ’ യുണ്ടാക്കാമെന്നു പറയാൻ കഴിയും. ആറുമാസത്തിനുള്ളിൽ തെരഞ്ഞെടുപ്പിനു നിന്നു വിജയിച്ചാൽ മതിയല്ലോ. അങ്ങിനെയാണ് അച്ചുതമേനോൻ ഡൽഹിയിൽ നിന്നുവന്നു മുഖ്യമന്ത്രിയായതുതന്നെ.

അച്ചുതമേനോനു നൽകിയ ഈ സൌജന്യം എന്തുകൊണ്ട് മറ്റുള്ളവർക്ക് നൽകിയില്ലെന്നു ചോദിച്ചേക്കാം. കാരണം നിഷ്പക്ഷമായി നോക്കിയാൽ വ്യക്തമാണ്. മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്സ് രാജിവെച്ചൊഴിയുമ്പോൾ നിയമസഭ പിരിച്ചുവിടാൻ ഗവർണ്ണറെയുപദേശിച്ചില്ലെന്നതാണ് യഥാർത്ഥ്യം. അന്നു ഇ. എം. എസ്സ്. അതുപദേശിച്ചിരുന്നെങ്കിൽ മാർക്സിസ്റ്റ് പാർട്ടിയാവശ്യപ്പെട്ടിരുന്ന ഇടക്കാല തെരഞ്ഞെടുപ്പ് നടക്കുമായിരുന്നു. ഗവർണ്ണർ ഇ. എം. എസ്സിന്റെയുപദേശം സ്വീകരിക്കാൻ ബാദ്ധ്യസ്ഥനാകുമായിരുന്നു. കാരണം ഇന്നു അച്ചുതമേനോനു ഭൂരിപക്ഷ പിന്തുണ നഷ്ടപ്പെട്ടിട്ടില്ലാത്തതുപോലെ തന്നെ അന്നു ഇ. എം. എസ്സിനും സാങ്കേതികമായി ഭൂരിപക്ഷ പിൻതുണ നഷ്ടപ്പെട്ടിട്ടില്ലായിരുന്നു. പക്ഷെ ആരെങ്കിലും മന്ത്രിസഭയുണ്ടാക്കണമെങ്കിൽ, ഉണ്ടാക്കിക്കൊള്ളട്ടെയെന്നു പ്രഖ്യാപിച്ച് ഇ. എം. എസ്സ് രാജിവെക്കുകയാണു ചെയ്തതു്. അതേപോലെ തന്നെ അച്ചുതമേനോനും ചെയ്തില്ലെന്നു വെച്ച് പാർലിമെന്ററി ജനാധിപത്യത്തിന്റെ കീഴ്‌വഴക്കത്തിനു വിരുദ്ധമായ നടപടിയാകുകയില്ല.

അച്ചുതമേനോന്റെ മന്ത്രിസഭക്കു പിന്തുണ നൽകുന്നമറ്റൊരുപ്രധാന കക്ഷിയായ മുസ്ലീംലീഗിന്റെ നേതാവ് സി. എച്ച്. മുഹമ്മദ് കോയക്കു് നിയമസഭ പിരിച്ചുവിട്ടതിനെപ്പറ്റി പരാതിയില്ല. ചെയ്യേണ്ട കാര്യം ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്തു (മാതൃഭൂമി ജൂൺ -29, തിങ്കളാഴ്ച) യെന്നാണ് സി. എച്ച്. മുഹമ്മദ് കോയ പറയുന്നതു് “മുന്നണിയിൽ പ്രതിസന്ധി യുണ്ടായപ്പോൾ ജനങ്ങളെ സമീപിക്കയാണ് നല്ല മാർഗ്ഗമെ

ശേഷം 10-ാം പേജിൽ

# അമേരിക്കയുടെ വ്യാവസായിക സമ്പദ്‌വ്യവസ്ഥ യുദ്ധമവസാനിപ്പിക്കുന്നതിനു തയാറായിട്ടില്ല.

അമേരിക്കൻ ഐക്യനാടുകളിലെ വ്യാവസായിക സമ്പദ് വ്യവസ്ഥ സമാധാനത്തിനു തയാറെടുത്തിട്ടില്ല. 1969ൽ മുപ്പത്തിനാലു ലക്ഷം അമേരിക്കക്കാർ പെൻറഗണിൻെറ നിർദ്ദേശാനുസരണം നടത്തുന്ന പണികളിൽ ഏർപ്പെട്ടിരുന്നു. 11 ലക്ഷം അമേരിക്കക്കാർ പെൻറഗണിൻെറ ശമ്പളക്കാരായിരുന്നു. പട്ടാളയുടുപ്പിട്ട സായുധ സേനകളിൽ വേറെ 34 ലക്ഷം അമേരിക്കക്കാരും സേവനമനുഷ്ഠിച്ചിരുന്നു. എല്ലാം കൂടി കൂട്ടിയാൽ 79 ലക്ഷം അമേരിക്കക്കാരുടെ ജീവിതവൃത്തി പെൻറഗണിനേയും സൈനിക വ്യവസായങ്ങളിലെ തൊഴിലുടമകളേയും പരോക്ഷമായി ആശ്രയിക്കുന്നുണ്ട്. ഇതിൻെറയർത്ഥം അമേരിക്കൻ ഐക്യനാടുകളിലെ 77 ലക്ഷം തൊഴിലാളികളിൽ (സായുധ സേനകളെ കൂടാതെയുള്ള) ഏകദേശം 20 ശതമാനം പേരും രാജ്യ രക്ഷാവകുപ്പിനേയാണ് സാമ്പത്തികമായി ആശ്രയിക്കുന്നതെന്നാണ്.

ഇതേവരെ, സൈനിക പ്രവർത്തനങ്ങളെ സിവിലിയൻ പ്രവർത്തനങ്ങളാക്കി മാററുന്നതിനുള്ള ആസൂത്രണ ശ്രമമൊന്നും നടന്നിട്ടില്ല. സൈനിക സേവനം നിർവ്വഹിക്കുന്ന ഫാക്ടറികളിലും പരീക്ഷണശാലകളിലും സൈനികത്താവളങ്ങളിലും 1944-45 കാലത്ത് സിവിലിയൻ പ്രവർത്തനങ്ങളിലേക്കു പരിവർത്തനം ചെയ്യുന്നതിനുവേണ്ടിനടന്ന ഊർജ്ജിത പരിപാടിയെപ്പോലെ ഇപ്പോൾ ഒരു ശ്രമവും നടക്കുന്നില്ല.

പൊതുവെ വികസിച്ചു കൊണ്ടിരിക്കുന്ന ഒരു സമ്പദ് വ്യവസ്ഥയിൽ സൈനിക ചുമതലകളിൽനിന്നു സിവിലിയൻ ചുമതലകളിലേക്ക് ആളുകളേയും സാമഗ്രികളേയും സുഗമമായി മാററിയെടുക്കുന്നതിനു സാമ്പത്തികവും ധനപരവുമായ നയങ്ങൾ മാത്രം മതിയാകുമെന്നാണ് ചിന്താശീലമുള്ള പലയാളുകളും കരുതുന്നത്. എന്റെ നിഗമനത്തിൽ, കാര്യമായ സാമ്പത്തിക തകർച്ച കൂടാതെ വിപണി സംവിധാനവും തൊഴിൽ സാദ്ധ്യതകളും ഒരു പരിവർത്തന പ്രക്രിയക്ക് വഴങ്ങിക്കൊടുക്കാമെന്നു കരുതുന്നതിൽ യുക്തിയില്ല. ഈ നിഗമനത്തിനടിസ്ഥാനമായ കാരണങ്ങൾ ഇവയാണ്.

1. വ്യവസായപരമായും ഭൂമിശാസ്ത്രപരമായും തൊഴിൽപരമായും സൈനികപ്രവർത്തനങ്ങളുടെ കേന്ദ്രീകൃത സ്ഥിതി.

2. സാധാരണ സിവിലിയൻ പ്രവർത്തനങ്ങളിൽനിന്നു വ്യത്യസ്തമായി സൈനികപ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്കുള്ള സവിശേഷതകൾ.

3. രാഷ്ട്രത്തിൻെറ ഗവേഷണവും വികസനശേഷിയും ദീർഘകാലമായി സൈനിക പ്രവർത്തനങ്ങളിൽ കേന്ദ്രീകരിച്ചതിൻെറ പ്രത്യാഘാതങ്ങൾ.

1968-ൽ പെൻറഗണിൻെറ ഓർഡറുകൾ നിർവ്വഹിക്കുന്നതിലാണ് ആറു വ്യവസായങ്ങളിലെ 25 ശതമാനം തൊഴിലാളികൾ ഏർപ്പെട്ടിരുന്നത്. അവ ഇതൊക്കെയായിരുന്നു. യുദ്ധോപകരണങ്ങളും അനുസാരികളും (76.8 ശതമാനം) യന്ത്രശാലകളിലെയുല്പന്നങ്ങൾ (27.8 ശതമാനം) ഇലക്ട്രോണിക് സാമഗ്രികളും അനുസാരികളും (38.6 ശതമാനം) പലവക വൈദ്യുതയന്ത്രോപകരണങ്ങളും സാമഗ്രി സാധനങ്ങളും (33.8 ശതമാനം) വിമാനവും അതിൻെറ ഭാഗങ്ങളും (72.4 ശതമാനം) മററു ഗതാഗതോപകരണങ്ങൾ (26.4 ശതമാനം)

## സ്റ്റേററുകളെ ബാധിക്കുന്നു

സൈനിക വ്യവസായങ്ങളുടെ പകുതിയിലധികവും സ്ഥിതി ചെയ്യുന്നത് ചുരുക്കം ചില സ്റ്റേററുകളിലാണ്– മാസച്യുസററ്സ്, കണെക്ടിക്കട്ട്, ന്യൂയോർക്ക്, ന്യൂജേഴ്സി, ടെക്സാസ്, കാലിഫോർണിയ, വാഷിങ്ടൺ എന്നിവയാണ് ആ സ്റ്റേററുകൾ. പുറമെ, സൈനികപ്രവർത്തനങ്ങളാൽ ചിലതരം ജോലികളുടെ കേന്ദ്രീകരണമുണ്ടാകുന്നു. 1998ൽ രാഷ്ട്രത്തിൻെറ മൊത്തം തൊഴിലാളിക 6.1 ശതമാനം രാജ്യരക്ഷാ ജീവനക്കാരായിരുന്നു. പക്ഷെ സൈനിക വ്യവസായങ്ങളിലെ ചില വിദഗ്ധ ജോലികളുടെ ശതമാനക്കണക്കിതാണ്.

എഞ്ചിനീയർമാർ മൊത്തം-20 ശതമാനം, വ്യോമയന എഞ്ചിനീയർമാർ-59 ശതമാനം, ഇലക്ട്രിക്കൽ എഞ്ചിനീയർമാർ -22 ശതമാനം, മെക്കാനിക്കൽ മെററലർജിക്കൽ എഞ്ചിനീയർമാർ–19 ശതമാനം, ഡ്രാഫ്റ്റ്സ്മാൻമാർ–14 ശതമാനം, വിദഗ്ദ്ധരായ ലോഹ തൊഴിലാളികൾ 10.25 ശതമാനം.

വ്യവസായികമായും ഭൂമിശാസ്ത്രപരമായും തൊഴിൽ രംഗത്തും ഉള്ള കേന്ദ്രീകരണത്തിൻെറയർത്ഥം, ശരാശരിയുള്ള ദേശീയ സ്ഥിതിഗതികളെക്കാൾ പ്രാദേശികമായ സ്ഥിതിഗതികളാണ് സൈനികപ്രവർത്തനങ്ങളിൽ നിന്നു സിവിലിയൻ പ്രവർത്തനങ്ങളിലേക്കുള്ള പരിവർത്തനത്തിൽ നിർണ്ണായകമായി വരുന്നതെന്നാണ്.

സൈനിക വ്യവസായ ആളുടെ സവിശേഷതകളും സുപ്രധാന കാര്യമാണ്. ഈ ഫാക്ടറികളിൽ ഉല്പാദനച്ചെലവ് ഏററവും ചുരുക്കുക യെന്നതിന് രണ്ടാമതു് മാത്രമേ പ്രാധാന്യം കല്പിക്കുന്നുള്ളൂ. ഉപയോഗിക്കാൻ കൊള്ളാവുന്നതാണോ എന്നതിനും തന്ത്രപ്രധാന്യമുള്ള യുൽപ്പന്നങ്ങളുടെ വിലക്കും സത്യത്തിൽ വിപണി പരിശോധനകളൊന്നും നടക്കുന്നില്ല. ഈ സ്ഥിതിഗതികൾ കാരണം സൈനിക വ്യവസായങ്ങളിൽ, സിവിലിയൻ സമ്പദ് വ്യവസ്ഥയെ സേവിക്കുന്നതിനുള്ള കഴിവുകേട് ഒരു ശീലമായി തന്നെയുണ്ടായിരിക്കുന്നു. പൊതുവായ വ്യവസായ നടത്തിപ്പ്, ഉൽപ്പന്നങ്ങളുടെ മാതൃക തയ്യാറാക്കൽ, ഉല്പാദന രീതിയിലെ എഞ്ചിനീയറിങ്ങ്, വിപണന പ്രവർത്തനം എന്നിവയെയൊക്കെ ഈ കഴിവുകേട് ബാധിക്കുന്നു. അങ്ങിനെ പെൻറഗണിനു വേണ്ടി സിസൈൻ ചെയ്യുകയെന്നു വെച്ചാൽ, പലപ്പോഴും സിവിലിയൻ ആവശ്യങ്ങളുമായി വിദൂരബന്ധം പോലുമില്ലാത്ത തരത്തിൽ നിഗൂഢമായി ചെയ്യുന്നതിനു മുൻഗണന കൊടുക്കുക യെന്നാണർത്ഥം. പെൻറഗണിനു വിൽക്കുകയെന്നു വെച്ചാൽ, സിവിലിയൻ വ്യവസായങ്ങളിലെ വിപണന ക്രമങ്ങളുമായി ഒട്ടും ബന്ധമില്ലാത്ത നയതന്ത്ര കാര്യങ്ങളും കൂടിയാലോചനകളും ഒക്കെ ഉൾക്കൊള്ളുന്നുണ്ട്.

രാഷ്ട്രത്തിൻെറ ഗവേഷണ–വികസനബഡ്ജററിൻെറ പകുതിയും മനുഷ്യശക്തിയുടെ പകുതിയും സൈനിക കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. എല്ലാം കൂടിയുള്ളഫലം വിപുലമായ തോതിൽ സൈനികോദ്ദേശത്തോടെയുള്ള സാങ്കേതികവിദ്യയാണ്.

യുദ്ധവിമാനങ്ങളുടെ ചട്ടങ്ങൾ അത്രയും തൂക്കം വരുന്ന സ്വർണ്ണത്തെക്കാൾ

ചെലവുവരുംവിധം നിർമ്മിക്കപ്പെട്ടിരിക്കുന്നു. എന്നാൽ വാണിജ്യാടിസ്ഥാനത്തിലുള്ള വാഹനങ്ങൾ എന്ന നിലയിൽ നോക്കിയാൽ ഇവയുടെ മാതൃക തയാറാക്കുന്നതിന്റേയും നിർമ്മാണത്തിന്റേയും രീതികൾ ചിന്തിക്കാനാവുന്നതേയില്ല.

യൂണിററ് ഒന്നിനു 15000 ഡോളർ ചെലവു വരുന്ന വിധത്തിലാണ് ഒരു മുട്ടയുടെ മാത്രം വലുപ്പമുള്ള ഇലക്ട്രോമെക്കാനിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നത്. അതുകൊണ്ടാണ്, ജപ്പാനിലെ ഇലക്ട്രോണിക്ക് വ്യവസായങ്ങൾ ലോക വിപണിയിൽ വിൽക്കാൻ കുറഞ്ഞ വിലക്ക് ഇലക്ട്രോണിക്ക് ഉല്പന്നങ്ങൾ തയാറാക്കുന്നതും നിർമ്മിക്കുന്നതും. ജപ്പാനിലെ ഇലക്ട്രോണിക്ക് വ്യവസായത്തിനു സൈനികാവശ്യങ്ങൾക്കുള്ള മുൻഗണന നൽകേണ്ടതില്ല. ഉയർന്ന തോതിലുള്ള ഉൽപ്പാദന ക്ഷമതകൊണ്ട് കൂലിക്കൂടുതൽ നികത്തിപ്പോരുന്നതിനു പരമ്പരാഗതമായി വ്യവസായത്തിനുണ്ടായിരുന്ന ശേഷി സൈനിക വ്യവസായങ്ങൾ കാരണം നഷ്ടപ്പെട്ടിരിക്കുന്നു.

## പരിവർത്തനവിധേയമല്ല

സ്ഥാപനങ്ങളെന്ന നിലയിൽ സൈനിക പ്രവർത്തനം നടത്തുന്ന പല കമ്പനികളും പരീക്ഷണശാലകളും പെട്ടെന്നു പരിവർത്തനം ചെയ്യാവുന്നവയല്ല. പക്ഷെ വ്യക്തികൾക്ക് പുനഃപരിശീലനം നൽകുന്നതിനും അവരെ സിവിലിയൻ ആവശ്യങ്ങളെ ഉദ്ദേശിച്ചുള്ള പുതിയ സ്ഥാപനങ്ങൾക്കുവേണ്ടി പുനസ്സംഘടിപ്പിക്കുന്നതിനും നല്ല സാദ്ധ്യതയുണ്ട്. തൊഴിൽരംഗത്തെ പരിവർത്തനം നടക്കുമ്പോൾ "സൈനിക വ്യവസായങ്ങളിലെ ജീവനക്കാരുടെ അവകാശ നിയമ"ത്തിന്റെ രൂപത്തിൽ ഫെഡറൽ ഗവർമ്മെണ്ട് ഭാവനയോടെ വേണ്ടതായ പിന്തുണ നൽകേണ്ടിവരും. സൈനിക വ്യവസായങ്ങളിലും പരീക്ഷണശാലകളിലും പണിയെടുക്കുന്നവർ പുതിയ തൊഴിൽ പരിശീലനം നേടുന്നവരക്ക് ഒരു വർഷക്കാല ജീവിതം കഴിക്കാൻ ഇത്തരം പിന്തുണയാവശ്യമാണ്. അത്തരത്തിലുള്ള മൂലധന നിക്ഷേപം മൊത്തം രാഷ്ട്രത്തിനു ഉൽപാദന രംഗത്ത് സുപ്രധാനമായ നേട്ടമുണ്ടാക്കും.

അമേരിക്കൻ ഐക്യനാടുകളിലെ അറുനൂറിലേറെയുള്ള മുഖ്യ സൈനിക കേന്ദ്രങ്ങൾക്കും അവയിൽ പണിയെടുക്കുന്ന പത്തുലക്ഷം ജീവനക്കാർക്കും ആസൂത്രണത്തിനും സാമ്പത്തിക വികസനത്തിനും വേണ്ടി ശരാശരി ഒരു വർഷത്തെ തയാറെടുപ്പ് വേണ്ടി വരുന്നതാണ്.

ഇന്തോ-ചൈനായുദ്ധം അവസാനിച്ചാൽ പ്രതിവർഷം ഇരുന്നൂറുകോടി ഡോളർ സമ്പാദിക്കാനാവും. ഇതിനും പുറമെ, അമേരിക്കയുടെ സൈനിക-രക്ഷാനയങ്ങൾ ബുദ്ധിപൂർവ്വം പുനരാവിഷ്ക്കരിച്ചാൽ-അതിസാമർത്ഥ്യം കാണിക്കുന്ന ഏർപ്പാടുകളൊന്നും പാടില്ല (എ. ബി. എം, എം. ഐ ആർവി തുടങ്ങിയവയും വിയററ്നാം രീതിയിലുള്ള യുദ്ധവും)-പ്രതിവർഷം പെൻറഗണിനെ ബജററിൽ 3000 കോടി ഡോളർ വേറെയും ലഭിക്കാൻ സാധിക്കും.

ഈ പണം വിപുലമായ പുതിയ വിപണി സാദ്ധ്യതയെയാണ് സൂചിപ്പിക്കുന്നത്. പക്ഷെ എൻെറ കണക്കുകൂട്ടലനുസരിച്ച് അമേരിക്കൻ പുനർനിർമ്മാണ പരിപാടിക്കു ഇത്രയും തുക അപര്യാപ്തമാണ്. എൻെറ കണക്കനുസരിച്ച് ഒരു ദശാബ്ദത്തേക്കെങ്കിലും 700 ഡോളർ വേണ്ടിവരും ഇതിനും പുറമെ, ദാരിദ്ര്യത്തിൽ കഴിയുന്ന 300 ലക്ഷം അമേരിക്കക്കാരുടെ സാമ്പത്തിക വികസനത്തിനു വേണ്ടി ന്യായമായ ഒരു മൂലധന നിക്ഷേപം ആവശ്യമാണ്. അങ്ങിനെ രാഷ്ട്രത്തിൻെറ ഉൽപ്പാദന ക്ഷമമായ മൂലധന നിക്ഷേപത്തിനായി ആയിരം കോടി ഡോളറിലേറെ വേണ്ടിവരും.

അങ്ങിനെ നോക്കിയാൽ, പെൻറഗണിൻെറ ബജററിൽ ഉണ്ടാകാവുന്ന 500 കോടി ഡോളർ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി സൈനിക വ്യവസായങ്ങളുടേയും മാനുഷിക ശക്തിയുടേയും ഒരു ഭാഗം പരിവർത്തനം ചെയ്തെടുത്താൽ രാഷ്ട്രം പൌരാവശ്യങ്ങൾക്കു മുൻഗണന നൽകുന്ന വിധം പൊതുപ്പണം ഉത്തരവാദിത്വത്തോടെ ചെലവു ചെയ്യുന്ന മാർഗ്ഗത്തിലേക്ക് നീങ്ങുന്നതായിരിക്കും. ഈ നൂററാണ്ടിൻെറ ശേഷിച്ച കാലത്ത് വിദഗ്ദ്ധതൊഴിലാളികളുടെ കുറവ് കൂടി കണക്കിലെടുത്തു കൊണ്ടുള്ളതാണ് ഈ കാഴ്ച്ചപ്പാട്.

സെയ്മൂർമെൽമാൻ

(കടപ്പാട്-ന്യൂയോർക്ക് ടൈംസ് വാരാന്താവലോകനം) മെൽമാൻ കൊളമ്പിയാ സർവ്വകലാശാലയിലെ ഇൻഡസ്ട്രീയൽ എൻജിനീയറിങ്ങ് പ്രൊഫസറാണ് 'സൈനിക സമ്പദ് വ്യവസ്ഥയിൽ നിന്നു സിവിലിയൻ സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിവർത്തനം' (പ്രേഗർ, 1970) എന്ന പേരിലുള്ള ലേഖന പരമ്പരയുടെ എഡിററർ കൂടിയാണ് അദ്ദേഹം.

---

## ഏഴതാപ്പുറം (8-ാം പേജ് തുടർച്ച)

നു എല്ലാപാർട്ടി നേതാക്കളും അഭിപ്രായപ്പെട്ടിരുന്നു'' വെന്നും അദ്ദേഹം പറയുന്നു. ആ നിലയിൽ പിന്നെ അച്ചുതമേനോനു പിന്തുണ നഷ്ടപ്പെട്ടു വെന്നു പറയുന്നതിനു തെളിവൊന്നുമില്ല.

പി. എസ്സ് പി. ക്കാരുടെ പിന്തുണ നഷ്ടപ്പെട്ടിരുന്നില്ലേയെന്നു പോലും ഉന്നയിക്കപ്പെടാവുന്നതാണ്. പക്ഷെ, പി. എസ്സ്. പി. ക്കാർ അച്ചുതമേനോൻെറ നടപടിയെ സ്വാഗതം ചെയ്തിരിക്കയാണ്. നിയമസഭ പിരിച്ചുവിട്ടയന്നു തന്നെ പി. എസ്സ്. പി. ക്കാരനായ ബി. മാധവൻ നായര പറഞ്ഞതു് ''കേരളമന്ത്രിസഭ അധികാരത്തിൽ തുടരണമെന്നതായിരുന്നു ജനങ്ങളുടെ ആഗ്രഹ'' മെന്നാണ്. എം. എം. തോമസ്സാണ് ബാക്കിനിൽക്കുന്നയാൾ. നിയമസഭ പിരിച്ചുവിടാൻ ഗവർണ്ണറെ ഉപദേശിച്ചതു് വഞ്ചനയാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ബദൽ മന്ത്രിസഭയുടെ സാദ്ധ്യതയാരായാതെ നിയമസഭ പിരിച്ചുവിട്ടു കൊണ്ടുള്ള ഗവർണ്ണറുടെ നടപടി ജനാധിപത്യ വിരുദ്ധമാണെന്നു അദ്ദേഹം പറയുന്നു. ഈയഭിപ്രായം മനസ്സിലാക്കാവുന്നതേയുള്ളൂ. അടുത്ത തവണത്തെ തെരഞ്ഞെടുപ്പിൽ ഏതുമുന്നണിയിലെങ്കിലും സ്ഥാനം കിട്ടുമോയെന്നറിയാതെ അദ്ദേഹം വിഷമിക്കുന്നുണ്ടായിരിക്കണം.

നിയമസഭ പിരിച്ചുവിട്ടതു് ജനാധിപത്യവിരുദ്ധമാണെന്നഭിപ്രായമുള്ള മറെറാരു പാർട്ടി കൂടിയുണ്ട്. സിൻഡിക്കേററ് ടി. ഒ. ബാവക്കാണ് ഈയഭിപ്രായമുള്ളതു്. നിയമസഭയിൽ അച്ചുതമേനോൻ വിശ്വാസ പ്രമേയമവതരിപ്പിച്ചപ്പോൾ നിഷ്പക്ഷത പാലിച്ച കക്ഷിയാണ് സിൻഡിക്കേററ്. കേന്ദ്രത്തിൽ ഇന്ദിരാഗാന്ധിക്കു ഭൂരിപക്ഷമില്ലെന്നാവലാതിപ്പെട്ടുകൊണ്ട് ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നു മുറവിളി കൂട്ടുന്നവരാണ് സിൻഡിക്കേററ് നേതാവ് മൊറാർജിയും മററും. കേന്ദ്ര പാർളിമെൻറിൽ ഇതേവരെ പരാജയപ്പെടാത്ത ഇന്ദിരാഗവർമ്മെണ്ട് രാജി വെച്ച് തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെ

ടുന്നവർക്ക് കേരളത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനെപ്പററിയാണ് പരാതി. കേന്ദ്രത്തിലാണെങ്കിൽ ഏററവും വലിയ കക്ഷിയുടെ നേതാവാണ് ഇന്ദിര. അവരെപ്പററിപ്പരാതിയുള്ളവർ രണ്ടോ പത്തോ ആളുകളുള്ള പാർട്ടികൾക്ക മന്ത്രിസഭയുണ്ടാക്കാൻ അവസരം കൊടുക്കേണ്ടതാണെന്നു ആവശ്യപ്പെടുന്നതു് വിചിത്രമായിരിക്കുന്നു.

ഇതേ ചിന്തക്കുഴപ്പം തന്നെ മാർക്സിസ്റ്റ് നേതാക്കൾക്കും ഉണ്ടായതുകൊണ്ടാണ് ബംഗാളിലെ ജ്യോതിബാസു ഇടക്കാല തെരഞ്ഞെടുപ്പിനെ സ്വാഗതം ചെയ്തപ്പോൾ കേരളത്തിലെ മാർക്സിസ്റ്റ് നേതാക്കൾ മന്ത്രിസഭയുണ്ടാക്കാൻ അവസരം നൽകാത്തതിൽ ആവലാതിപ്പെടുന്നതു്. ബംഗാളിൽ ചെറിയ കക്ഷികൾക്ക മന്ത്രിസഭ രൂപവൽക്കരിക്കാൻ ഗവർണ്ണർ അനുവാദം കൊടുക്കുമൊ എന്നാണ് ജ്യോതിബാസുവിൻെറ ഭയം. അതുകൊണ്ടു് അദ്ദേഹം ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നു് ആവശ്യപ്പെടുന്നു. അതായതു് നിലവിലുള്ള നിയമസഭ പിരിച്ചു വിടണമെന്നാവശ്യപ്പെടുന്നു. കാരണം നിയമസഭ പിരിച്ചു വിടാതെ പുതിയ തെരഞ്ഞെടുപ്പ് നടത്താനാവില്ലല്ലോ.

ചുരുക്കത്തിൽ നിയമസഭ പിരിച്ചുവിടാൻ അച്ചുതമേനോൻ തീരുമാനിച്ചതിനെ എതിർക്കാൻ പാർളിമെൻററി ജനാധിപത്യ കീഴ്‌വഴക്കങ്ങളുടെ പേരിൽ നിർവ്വാഹമില്ല. എന്നാൽ അച്ചുതമേനോൻ മന്ത്രിസഭക്ക ഇപ്പോൾ അധികാരത്തിൽ തുടരുന്നതു് ന്യായീകരിക്കാനാവുകയില്ല. കാരണം അച്ചുതമേനോൻ മന്ത്രിസഭയെ താങ്ങി നിർത്തിയിരുന്ന കക്ഷികളിൽപ്പെട്ടവരും പ്രധാന പ്രതിപക്ഷമായ മാർക്സിസ്ററ് കമ്യൂണിസ്ററ് പാർട്ടിയും എല്ലാം ഒരു കാര്യത്തിൽ യോജിപ്പുള്ളവരാണ്. ഈ മന്ത്രിസഭ ഉടനെ രാജിവെക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നതു് അതിനുള്ള കാരണങ്ങൾ ഓരോരുത്തരും ഓരോന്നാണു പറയുന്നതെങ്കിലും മന്ത്രിസഭ രാജിവെക്കണമെന്നു് എല്ലാവരും ആവശ്യപ്പെടുന്നു. അതുകൊണ്ടു് അച്ചുതമേനോൻ മന്ത്രിസഭ ഉടനെ രാജിവെക്കുക തന്നെവേണം. തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു കഴിഞ്ഞാൽ ഉടനെ രാജിവെക്കുമെന്നായിരുന്നു മുഖ്യമന്ത്രിയുടെ ആദ്യത്തെ പ്രഖ്യാപനം. പ്രസിഡണ്ടു് ഭരണം ഏർപ്പെടുത്താനിടയായാൽ ഇടക്കാല തെരഞ്ഞെടുപ്പ് നീണ്ടുപോയേക്കുമോ എന്നു കരുതിയാണത്രെ അധികാരത്തിൽ തുടരുന്നതു് ആദ്യത്തെ ഈ പ്രഖ്യാപനത്തിൽ നിന്നുപോലും ക്രമേണ ഒഴിഞ്ഞുമാറാൻ അച്ചുതമേനോനും കൂട്ടരും ശ്രമിക്കുന്നുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മുഖ്യമന്ത്രി ഏററവും ഒടുവിൽ ചെയ്ത പ്രസ്താവനയിൽ പറയുന്നതു് ഇങ്ങനെയാണ്. 'മന്ത്രിസഭ രാജിവെക്കണമോ അതോ തുടർന്നു ഭരണം നടത്തണമോ എന്നതിനെ സംബന്ധിച്ച് ഒരു തീരുമാനത്തിലും ഘടകകക്ഷികൾ എത്തിയിട്ടില്ല. സംസ്ഥാനത്തിൻെറ ഉത്തമ താൽപ്പര്യങ്ങൾ പരിഗണിച്ച് ഏതാണ് ആവശ്യവും നീതിയുമെന്നു ചിന്തിച്ച് ഉചിതമായ തീരുമാനം എടുക്കുമെന്നു ഉറപ്പിക്കാമെന്നു പ്രസ്താവനയിൽ പറയുന്നു' (കേരളകൗമുദി)

ഇതിൽ നിന്നു മനസ്സിലാക്കേണ്ടതു് അച്ചുതമേനോൻ മന്ത്രിസഭയധികാരത്തിൽ തുടരാൻ പരിപാടിയിടുന്നുണ്ടെന്നാണ്. നീതിയുടെ പേരിൽ അച്ചുതമേനോൻ സംസാരിക്കുന്നുവെങ്കിൽ അദ്ദേഹം ഉടനെ രാജിവെക്കേണ്ടതാണ്. കാരണം ഘടക കക്ഷികളിൽ ഐ. എസ്സ്. പി അഭിപ്രായപ്പെട്ടു കഴിഞ്ഞു. ഏകോപനസമിതിയിൽ ഈയാവശ്യം ഉന്നയിക്കുമെന്നാണ് ഐ. എസ്സ്. പി പറയുന്നതു്. (ഔദ്യോഗികമായി ഐ. എസ്സ്. പിക്കാർ മന്ത്രിസഭക്ക ഇപ്പോഴും പിന്തുണ നൽകുന്നുണ്ടെന്നതിൻെറ സമ്മതം കൂടിയാണ് ഈ തീരുമാനം) പക്ഷെ ഈ മന്ത്രിസഭയെ താങ്ങിനിർത്തിയിരുന്നതു് കോൺഗ്രസ്സാണ് ഈ മന്ത്രിസഭ രാജിവെക്കണമെന്നു കെ. പി. സി സി നിർവ്വാഹക സമിതി അഭിപ്രായപ്പെട്ടിട്ടുണ്ടു്. പ്രധാന പ്രതിപക്ഷമായ മാർക്സിസ്ററ്കാരും മററു പ്രതിപക്ഷക്കാരും എല്ലാം ചേർന്നു മന്ത്രിസഭയെ രാജിവെപ്പിക്കാൻ പ്രക്ഷോഭണം തന്നെ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ആ നിലയിൽ അച്ചുതമേനോൻ മന്ത്രിസഭ ഉടനടി രാജിവെക്കുന്നതാണ് മര്യാദ.

തെരഞ്ഞെടുപ്പ് നീണ്ടുപോകുമെന്നയാശങ്കയുടെ പേരിൽ അച്ചുതമേനോൻ മന്ത്രിസഭ തുടരാൻ ശ്രമിക്കുന്നതു് വെറും രാഷ്ട്രീയതന്ത്രമാണ്. കോൺഗ്രസ്സും മാർക്സിസ്റ്റുകാരും മററും. ആവുന്നതും വേഗം ഇടക്കാല തെരഞ്ഞെടുപ്പ് നടത്തണമെന്നു പറഞ്ഞു് കഴിഞ്ഞ സ്ഥിതിക്ക് അച്ചുതമേനോൻ തെരഞ്ഞെടുപ്പിനെപ്പററിയൊക്കെ ആശങ്ക പ്രകടിപ്പിക്കുന്നതു് വെറും തന്ത്രമാണ്.

അച്ചുതമേനോൻ മുഖ്യമന്ത്രിയായിത്തുടരുന്നതിൻെറ പിന്നിലുള്ള ഗൂഢതന്ത്രം കാണാൻ കേരളത്തിലെ കഴിവുകെട്ട കോൺഗ്രസ്സ് നേതൃത്വത്തിനൊഴികെ മററാർക്കും വിഷമമുണ്ടാകയില്ല. സിൻഡിക്കേററുകാർ അതു മനസ്സിലാക്കിക്കഴിഞ്ഞു. തങ്ങളുടെ ഇഷ്ടപ്പടി ഐക്യമുന്നണിയുണ്ടാക്കാനും സീററുവിഭജനം നടത്താനും വലതു് കമ്യൂണിസ്റ്റ്കാർക്ക ആഗ്രഹമുണ്ടു്. മുസ്ലീംലീഗിനേയും കേരളാകോൺഗ്രസ്സിനേയും അധികാരത്തിൻെറ പേരിൽ മന്ത്രിസഭയിൽ കൂട്ടിപ്പിടിച്ചു നിർത്തി മററു കക്ഷികളുമായുള്ള സീററു വിഭജനത്തിലുള്ള വിലപേശലിൽ വിജയംനേടാൻ വലത് കമ്യൂണിസ്റ്റ്കാർക്ക അധികാരത്തിൽ തുടരേണ്ടതു് ആവശ്യമാണ്. കെ. പി. സി. സി. നേതാക്കൾക്ക് ഒഴിച്ച് ആർക്കും ഇതു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. നിയമസഭ പിരിച്ചു വിടുന്നതിനു ഏതാനും നിമിഷം മുമ്പ് ഭാരത് ടൂറിസ്റ്റ്ഹോമിലേക്ക വിളിച്ചു വരുത്തി തന്നോടു് സംസാരിച്ചതിൽ അഭിമാനംകൊണ്ടു് ഞെളിയുന്ന പ്രസിഡൻറാണ് കെ. പി. സി. ക്കുള്ളതെന്നു വലതു് കമ്യൂണിസ്റ്റ്കാർക്കറിയാം. ഡൽഹിയിലേക്ക ഫോണിൽ സംസാരിച്ചാൽ കാര്യം നേടാനും അവർക്ക സാധിക്കും. വലതു് കമ്യൂണിസ്റ്റ്കാരെ വിട്ടാൽ തൻെറയധികാരം പോകുമോയെന്നു ഭയന്നു് ഇന്ദിരാഗാന്ധി കേരളത്തിലെ കോൺഗ്രസ്സിനെ ബലികഴിക്കാനും തയ്യാറാണെന്നു അവർ മനസ്സിലാക്കിയിട്ടുണ്ടാകും. ഇന്ദിരാഗാന്ധിയോടു് എന്തെങ്കിലും അഭിപ്രായ ഭിന്നത പ്രകടിപ്പിക്കാവുന്ന നേതൃത്വം ഇന്നത്തെ കെ. പി. സി. സി. ക്കൊട്ടില്ലതാനും.

കെ. പി. സി സി യുടെ പ്രാർത്ഥനാസ്വരത്തിലുള്ള പ്രമേയം തന്നെ ഇതു് വ്യക്തമാക്കുന്നു. "അച്ചുതമേനോൻ മന്ത്രിസഭ ഭരണത്തിൽ തുടരാൻ ശ്രമിക്കരുതെന്നു്" അഭിപ്രായ പ്രകടനം നടത്തുകയാണ് കെ. പി. സി. നിർവ്വാഹ സമിതി ചെയ്തിരിക്കുന്നതു്. 'സോഷ്യലിസ്ററ് പരിപാടികളിൽ യോജിക്കാനും ജനാധിപത്യ ഭരണക്രമം നിലനിർത്താനും സഹകരിക്കാൻ കഴിയുന്ന രാഷ്ട്രീയ കക്ഷികളെ അണിനിരത്തുന്നതിനു ഭരണകോൺഗ്രസ്സ് ശ്രമിക്കുമെന്നാണ് കെ. പി. സി. സി. നിർവ്വാഹ സമിതിയുടെ പ്രമേയത്തിലെ ധീരമായ പ്രഖ്യാപനം. കോൺഗ്രസ്സിന്റെ ഈ 'സന്ത്രാസം' മനസ്സിലാക്കിത്തന്നെയാണ് അച്ചുതമേനോൻ മന്ത്രിസഭ രാജിവെ

## എഴുതാപ്പുറം (തുടർച്ച)

ക്കാതിരിക്കുന്നതു്.

കോൺഗ്രസ്സിന്റെ ജനാധിപത്യത്തേയും സോഷ്യലിസത്തേയും താലോലിക്കാനുള്ള ശ്രമം വലതു് കമ്യൂണിസ്റ്റുകാർക്കറിയാം. കോൺഗ്രസ്സിനെ സ്വാധീനിക്കുന്ന മാതൃഭൂമി, മനോരമ, ദീപിക പത്രങ്ങളുടെ യഭിപ്രായം അവർ ശ്രദ്ധിക്കുന്നുണ്ടു്. സിൻഡിക്കേറ്റിനെ കൂട്ടി ഐക്യമുന്നണിയിൽ ചേർക്കാനും വേണ്ടി വന്നാൽ വലതു് കമ്മ്യൂണിസ്റ്റുകാരെ പുറം തള്ളാനുമാണു് കോൺഗ്രസ്സിന്റെ ഉപദേഷ്ടാക്കളായ ഈ പത്രങ്ങൾ ശ്രമിക്കുന്നതു്. അധികാരത്തിൽ നിന്നു താഴെ ഇറങ്ങുന്നയാ നിമിഷം ഭരണമുന്നണി ശിഥിലമാകുകയും. സിൻഡിക്കേറ്റ് കോൺഗ്രസ്സ്, കേരളാകോൺഗ്രസ്സ് (മനോരമയുടെ ഭാഷയിൽ മൂന്നു കോൺഗ്രസ്സുകൾ) എന്നിവരും മുസ്ലീംലീഗും ചേർന്നു മറ്റൊരു ഐക്യമുന്നണിയുണ്ടാക്കുമോ എന്നാണു് വലതു കമ്യൂണിസ്റ്റുകളുടെ ആശങ്ക. അതൊഴിവാക്കാൻവേണ്ടി അധികാരത്തിൽത്തുടർന്നും, കേന്ദ്രകോൺഗ്രസ്സിന്റെ സമ്മർദ്ദം ചെലുത്തിയും തങ്ങളുടെ വരുതി കവരുന്ന ഐക്യമുന്നണി തയ്യാറാക്കിയശേഷംമാത്രം വേണ്ടി വന്നാൽ സ്ഥാനമൊഴിയാമെന്നാണു് അച്ചുതമേനോൻ മന്ത്രിസഭയുടെ കണക്കു കൂട്ടൽ.

ഇന്നും സോഷ്യലിസ്റ്റ് ജനാധിപത്യ–മാതെകര മുന്നണിയിൽ ആരെയൊക്കെ ഉൾപ്പെടുത്തണമെന്നറിയാതെയും സ്വന്തമായ തീരുമാനമെടുക്കൽ കഴിയാതെയും കുഴങ്ങുന്ന കോൺഗ്രസ്സിനെ ചൊൽപ്പടിക്കു നിർത്താനും ഒററക്കുനിന്നു ഒരു സീററുപോലും നേടാൻ സാധിക്കാഞ്ഞിട്ടും കേരള രാഷ്ട്രീയത്തിന്റെ നിർണ്ണായ സ്ഥാനത്തു് ചെന്നെത്താനും കഴിഞ്ഞതിൽ വലതു കമ്യൂണിസ്റ്റുകാരുടെ രാഷ്ട്രീയ തന്ത്രം വിജയിച്ചിട്ടുണ്ടു്. മാത്രമല്ല ഐ. എസ്സ്. പി. ക്കാരെ കൂടി തങ്ങളുടെ ആജ്ഞാനുവർത്തിയാക്കാൻ സാധിക്കുന്ന തരത്തിലാണു് നിയമസഭ പിരിച്ചുവിടാൻ അവർ സന്ദർഭം നിശ്ചയിച്ചതു്. മാർക്സിസ്റ്റുകാർ കൂടെക്കൂട്ടുമോ എന്നു തീർച്ചയാകും മുമ്പേ നിയമസഭ അവർ പിരിച്ചുവിട്ടു. 'ഇനിയിപ്പോൾ പഴയ ഭരണമുന്നണിയിലേക്കു്, വലതു് കമ്യൂണിസ്റ്റുകളുടെ ആജ്ഞാനുവർത്തികളായി തിരിച്ചു ചെല്ലുക മാത്രമാണു് ഐ. എസ്സ്. പിയുടെ ഗതി, കോരനെ മന്ത്രിസഭയിൽ നിന്നു പിൻവലിക്കാത്തതും ഏകോപന സമിതി യോഗത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചതും വഴി ഐ. എസ്സ്. പി. കീഴടങ്ങിയിരിക്കുന്നു. പി. എസ്സ്. പി.യെ കൂടി ഏകോപന സമിതിയിൽ എടുക്കാൻ—വരാൻ പോകുന്ന ഐക്യ മുന്നണിയിൽ പങ്കാളിയാക്കാൻ ഭരണമുന്നണിയിലെ മററുകക്ഷിക്കാർ തീരുമാനിച്ചുകഴിഞ്ഞു. പി. ആർ. കുറുപ്പ് വാശിപിടിച്ചാൽ ഐ. എസ്സ്. പി. ഒന്നു കൂടി പിളരും. കോരനെമന്ത്രിസഭയിൽ നിന്നു പിൻവലിക്കാതെ മാർക്സിസ്റ്റു് കാരോടു് കൂടാനും ഐ. എസ്സ്. പി. ക്കു നിർവ്വാഹമില്ല. ആ കക്ഷി ഇതോടു കൂടി നശിക്കുന്നെങ്കിൽ ഇതേവരെ കേരള രാഷ്ട്രീയത്തിൽ നടന്ന വൃത്തികെട്ട വിലപേശലുകളിലെ പ്രയോജന കരമായ ഒരേയൊരു കാര്യമായിരിക്കും അതു്.

അച്ചുതമേനോൻ മന്ത്രിസഭ അധികാരത്തിൽ തുടരുന്നതുവഴി മാർക്സിസ്റ്റിതര ഐക്യ മുന്നണിയുടെ–ഭാവിയിൽ എതെല്ലാം കക്ഷികൾ പുതുതായി അതിൽ ചേർന്നാലും ശരി–നേതാവു് ഭൂരിപക്ഷം കിട്ടിയാൽ മുഖ്യമന്ത്രിയും സി. അച്ചുതമേനോനായിരിക്കുമെന്നു തന്ത്രപൂർവ്വം പ്രചരിപ്പിക്കുന്നതിനും വലതു് കമ്യൂണിസ്റ്റുകാർക്കു സാധിച്ചിരിക്കുന്നു. അടുത്ത തെരഞ്ഞെടുപ്പു് ഇ. എം. എസ്സ്. മുഖ്യമന്ത്രിയാകണമോ അതോ അച്ചുതമേനോൻ മുഖ്യമന്ത്രിയാകണമോ എന്നു നിശ്ചയിയ്ക്കാൻ വേണ്ടിയായിരിക്കും. മാർക്സിസ്റ്റു് പാർട്ടി കഴിഞ്ഞാൽ കേരളത്തിലെ ഏററവും വലിയ കക്ഷിയായ കോൺഗ്രസ്സിനു ഇതു് മനസ്സിലാക്കാൻ സാധിച്ചില്ലെന്നതാണു് വലതു് കമ്യൂണിസ്റ്റുകളുടെ രാഷ്ട്രീയതന്ത്രം വിജയിയ്ക്കാൻ പ്രധാന കാരണം.

0—0

## കോൺഗ്രസ് വലതിന്റെ വാലായി തുടരണമോ (6–ാം പേജ് തുടർച്ച)

സ്വതന്ത്രനാക്കി വേഷം കെട്ടിക്കാൻ കെ. പി. സി. സി. നേതാക്കൾക്കു നാണമുണ്ടായില്ല. മൂവായിരം വോട്ടുപോലും കിട്ടാത്ത വലതു് കമ്യൂണിസ്റ്റു് പാർട്ടിക്കു് മാടായി നിയോജകമണ്ഡലം കെ. പി. സി. സി. നേതാക്കൾ ഒഴിഞ്ഞുകൊടുത്തു. കഴിഞ്ഞ കെ. പി. സി. സി. നിർവ്വാഹകസമിതിയുടെ ദുർബ്ബലവും ഭാവനാശൂന്യവുമായ പ്രമേയത്തിൽനിന്നു വ്യക്തമാക്കുന്നതു് മേലിലും കുറുമുന്നണിക്കാർക്കു വഴങ്ങിക്കൊടുക്കുന്നതല്ലാതെ കെ. പി. സി. സി. നേതാക്കൾക്കു് ഒന്നും ചെയ്യാനാവില്ലെന്നാണു്. അങ്ങിനെ വരുമ്പോൾ കോൺഗ്രസ്സിന്റെ ഗതിയെന്തായിരിക്കും.?

മുസ്ലീഗുകാരും വലതു് കമ്യൂണിസ്റ്റുകാരും അവരിഷ്ടപ്പെടുന്ന മററുകക്ഷിക്കാരും സീററുകൾ വിഭജിച്ചെടുക്കുന്നതായിരിക്കും കേരളകോൺഗ്രസ്സിനേയും ഇവർ സീററുകൾ ഇഷ്ടംപോലെ കൊടുത്തു് തൃപ്തിപ്പെടുത്തും. പഴയഐക്യമുന്നണി കീഴ്വഴക്കങ്ങളനുസരിച്ചു തന്നെ സീററുവിഭജനം നടത്താനാണ് കുറുമുന്നണിയുടെ പരിപാടിയെന്നു് ഇതിനകം മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനങ്ങളിൽ നിന്നുതീർച്ചയാകുന്നുണ്ടു്. അതല്ലെങ്കിൽ ഇപ്പോഴത്തെ മന്ത്രിസഭ വീണ്ടും അധികാരത്തിൽ വരുന്നതിനെപ്പററി അച്ചുതമേനോൻസംസാരിക്കുകയില്ലായിരുന്നു.

പഴയ ഐക്യമുന്നണി സമ്പ്രദായത്തിൽ സീററു വിഭജനം നടത്തുന്നതിനു അനുവർത്തിച്ച തത്വങ്ങൾ ഇവയാണു്. ജയിച്ചസ്ഥാനങ്ങൾ അതേ കക്ഷികൾക്കു തന്നെ നൽകുക, എതിർകക്ഷികൾ ജയിച്ച സ്ഥാനങ്ങൾ മാത്രം ഐക്യമുന്നണിക്കാർ പങ്കിട്ടെടുക്കുക, അങ്ങിനെ പങ്കിട്ടെടുക്കുമ്പോൾ ഏതെങ്കിലും നിയോജക മണ്ഡലത്തിൽ മുമ്പു് നടന്ന തെരഞ്ഞെടുപ്പിൽ കൂടുതൽ വോട്ടു നേടിയ ഐക്യമുന്നണി കക്ഷി ഏതാണോ ആ കക്ഷിക്കുതന്നെ പ്രസ്തുത നിയോജകമണ്ഡലം കൊടുക്കുക. ഇതൊക്കെയാണ് അനുവർത്തിക്കാൻ പോകുന്ന തത്വങ്ങൾ. ഇതിന്റെ ഫലം മാർക്സിസ്റ്റു് പാർട്ടിക്കാരും എസ്സ്. എസ്സ് പിക്കാരും ജയിച്ച നിയോജകമണ്ഡലങ്ങൾ മാത്രമായിരിക്കും പങ്കുവെക്കാനായി ബാക്കിയുണ്ടാകുന്നതു്. അങ്ങിനെയുള്ള അമ്പതു്യമ്പത്തിയഞ്ചു മണ്ഡലങ്ങളിൽ പുതുതായി കേരളാ കോൺഗ്രസ്സിനു കുറെ സ്ഥാനങ്ങൾ നൽകണം. മാടായിവരെ വലതു് കമ്യൂണിസ്റ്റുകാർ വാങ്ങിച്ചെടുത്ത നിലക്കു ഇനിയും അവർ കൂടുതൽ നിയോജകമണ്ഡലങ്ങൾ വാങ്ങിച്ചെടുക്കുമെന്നു കരുതണം. തങ്ങളുടെ ശക്തി വർദ്ധിപ്പിച്ചെടുക്കുന്നതിനു കൊണ്ടു് പിടിച്ചു ശ്രമിക്കുന്ന മുസ്ലീംലീഗും കൂടുതൽ മണ്ഡലങ്ങൾ ആവശ്യപ്പെടും. കോൺഗ്രസ്സിനു കഴിഞ്ഞ തവണ ജയിച്ച ഒമ്പതു് നിയോജകമണ്ഡലങ്ങൾ മാത്രമാണു് ഉറപ്പായി ലഭിക്കാനിടയുള്ളതു്. ഒട്ടാകെ

നാൽപ്പതു നിയോജകമണ്ഡലങ്ങളിൽ കൂടുതൽ കോൺഗ്രസ്സിനു പങ്കിട്ടു കിട്ടുമെന്നു കരുതാൻ ഇന്നത്തെ നിലയിൽ നിർവ്വാഹമില്ല. ഇതിൽ തന്നെ പാലക്കാട്ട് ജില്ലയിലും കണ്ണൂർ ജില്ലയിലും പെട്ട നിയോജകമണ്ഡലമായിരിക്കും മിക്കവയും. അതായതു് മാർക്സിസ്ററ് പാർട്ടി ഒററക്കു് തന്നെ വിജയിക്കുമെന്നുറപ്പുള്ള നിയോജകമണ്ഡലങ്ങളാണ് കോൺഗ്രസ്സിനു മത്സരിക്കാൻ കിട്ടുകയെന്നർത്ഥം. ഏതു നിലയിലും പുതിയ ഐക്യമുന്നണിയിൽ ഏററവും വലിയ കക്ഷിയായി വരാൻ കോൺഗ്രസ്സിനു സാധിക്കാത്തവിധം സീററു വിഭജനം നടക്കാൻ പോകുകയാണ്. അതാണ് കുറുമുന്നണിക്കാരുടെ ആവശ്യവും. അതിനു കളമൊരുക്കാൻ അച്ചുതമേനോൻ മന്ത്രിസഭയധികാരത്തിൽ കടിച്ചുതൂങ്ങുകയും ചെയ്യുന്നു.

കെ. പി. സി. സി. നേതാക്കൾക്കു് ഇതൊന്നും മനസ്സിലായതിന്റെ ലക്ഷണമില്ല. അതിനുള്ള കഴിവും അവർക്കുണ്ടെന്നു തോന്നുന്നില്ല. സ്വന്തം കക്ഷിക്കു് ജനങ്ങൾക്കിടയിലുള്ള സ്വാധീനത്തിനർഹമായി നിയമസഭയിൽ സ്ഥാനംനേടാൻ ശ്രമിക്കുന്നതിനുപോലും കെ. പി. സി. സി. നേതാക്കൾക്കു കഴിയുന്നില്ല. കഴിഞ്ഞ കെ. പി. സി. സി. നിർവ്വാഹകസമിതിയോഗത്തിന്റെ ഫലമായി ഭരണരംഗത്ത് വല്ല മാററവും വരുത്താൻ കെ. പി. സി. സി. നേതാക്കൾക്കു് സാധിച്ചുവോ? മറിച്ചു് കോൺഗ്രസ്സ് അടുത്ത ഇടക്കാലതെരഞ്ഞെടുപ്പിൽ ഏററവും കൂടുതൽ സ്ഥാനം നേടി ഭരണത്തിൽ വരുന്നതിനുവേണ്ട നയം സ്വീകരിക്കുമെന്നും അങ്ങിനെ കോൺഗ്രസ്സിന്റെ പരിപാടി നടപ്പാക്കുമെന്നും കഴിഞ്ഞ സമിതി യോഗത്തിൽ പ്രഖ്യാപിക്കുന്നതു കെ. പി. സി. സി. നേതാക്കൾക്കു സാധിക്കേണ്ടതായിരുന്നു. ഈ പ്രഖ്യാപനത്തോടൊപ്പം അച്ചുതമേനോൻ മന്ത്രിസഭയോടു് രാജിവെക്കാനും കെ. പി. സി. സി. നേതാക്കൾ അവശ്യപ്പെടണമെന്നായിരുന്നു- ഏതു നിലയിലും കേരളത്തിൽ ഇന്നും ഏററവും വലിയ കക്ഷിയായ കോൺഗ്രസ്സിനു ഒററക്കു തെരഞ്ഞെടുപ്പിനെ നേരിടുകയാണ് നല്ലതു്.

തെരഞ്ഞെടുപ്പിൽ സ്വന്തം പരിപാടിയുമായി ഒററയ്ക്കു മത്സരിക്കുന്നതിനനുകൂലമായി ഇന്നത്തേതു പോലെ മറെറാരു സന്ദർഭം കോൺഗ്രസ്സിനു ഇനി ലഭിക്കുകയില്ല. 1965 മുതൽ എന്തെന്തു കാരണം കൊണ്ടാണോ കോൺഗ്രസ്സ് ഒററയ്ക്കു മത്സരിച്ചിരുന്നതു്, ആ കാരണങ്ങളെപ്പററി ഇന്നു ജനങ്ങളെ ബോദ്ധ്യമപ്പെടുത്താൻ എളുപ്പമാണ്. കോൺഗ്രസ്സ് വിരോധമെന്നും മാർക്സിസ്ററ് വിരോധമെന്നും മാത്രമുള്ള സിദ്ധാന്തങ്ങളിൽ നിന്നു ജനശ്രദ്ധമാററി ഭരിക്കാനുള്ളവരെ തെരഞ്ഞെടുക്കണമെന്നു ആവശ്യപ്പെടുന്നതിനു പററിയ അവസരമാണുണ്ടായിരിക്കുന്നതു്. കോൺഗ്രസിനു മാത്രമാണ് ഇന്നു ആത്മവിശ്വാസത്തോടെ ഭരിക്കാൻവേണ്ടി വോട്ടുനൽകണമെന്ന് ജനങ്ങളോടാവശ്യപ്പെടാൻ കഴിയുക. ഐക്യമുന്നണിയിലെ ഒററ കക്ഷിക്കു് പോലും ജനങ്ങളെ വഞ്ചിച്ചതിന്റെ ഉത്തരവാദിത്വത്തിൽ നിന്നു ഒഴിഞ്ഞുമാറാനാകുകയില്ല.

ഭരിക്കാൻ വേണ്ടിയാണ് തങ്ങൾ മത്സരിക്കുന്നതെന്നും നിയമസഭയിൽ തങ്ങൾക്കു ഏററവും കൂടുതൽ സ്ഥാനം ലഭിക്കുന്നതിനു പററിയ വിധം സീററുകളിൽ ചില നീക്കുപോക്കുകളുണ്ടാക്കുന്നതൊഴിച്ച് ഐക്യമുന്നണിയുണ്ടാക്കുകയില്ലെന്നും കോൺഗ്രസ് ധീരമായി പ്രഖ്യാപിക്കാൻ വൈകിക്കരുത്- ഒരു നൂറു സ്ഥാനങ്ങളിൽ മാത്രം മത്സരിച്ചാൽ മതിയാവും. മുസ്ലീംലീഗുമായും മാർക്സിസ്റ്റ് പാർട്ടിയുമായും കേരളാ കോൺഗ്രസ്സുമായും ചില സ്ഥാനങ്ങളിൽ ധാരണയുണ്ടാക്കാവുന്നതാണ്. 1965 ൽ മാർക്സിസ്ററ് കമ്യൂണിസ്ററ് പാർടിയും മുസ്ലീംലീഗുമായി ഉണ്ടാക്കിയ ധാരണപോലെതന്നെ ചില സ്ഥാനങ്ങളിൽ പരസ്പരം മത്സരിക്കാനും മററു ചില സ്ഥലങ്ങളിൽ പരസ്പരം സഹായിക്കാനും ഉതകുന്ന വിധത്തിൽ ധാരണയുണ്ടാക്കാൻ സാധിക്കും. (1965 ൽ മുസ്ലീംലീഗും മാർക്സിസ്ററു തമ്മിലുണ്ടായ തെരഞ്ഞെടുപ്പ് ധാരണ അത്തരത്തിലുള്ളതായിരുന്നു) ഇതുകൊണ്ട് കോൺഗ്രസ്സിനു ഒരു നഷ്ടവും വരാനില്ല. എങ്ങിനെയായാലും മുസ്ലീംലീഗുൾപ്പെട്ട മുന്നണിയും മാർക്സിസ്റ്റ് മുന്നണിയും തമ്മിലുള്ള മത്സരത്തിൽ കോൺഗ്രസ്സ് ഒന്നാം കക്ഷിയായി നിയമസഭയിലെത്തുമെന്നതിൽ സംശയമില്ല.

സ്വന്തം കക്ഷിയുടെ ശക്തിക്കനുസൃതമായി നിയമസഭാ സ്ഥാനം നേടുന്നതിനു വേണ്ടിമാത്രമല്ലാ, ആദർശപരമായ കാരണങ്ങൾകൊണ്ടും കോൺഗ്രസ്സിനു ഈ മാർഗ്ഗം സ്വീകരിക്കുകമാത്രമാണ് കരണീയമായിട്ടുള്ളതു്. 1965 ൽ കോൺഗ്രസിനെ എതിർത്ത കേരളാ കോൺഗ്രസ് നായർ-ക്രിസ്ത്യൻ വർഗ്ഗീയ കൂട്ടുകെട്ടിന്റെ സംഘടനയാണ്. അതു് ഒരു സോഷ്യലിസ്റ്റ് കക്ഷിയേയല്ല. കേരള നിയമസഭയിൽ ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തേയും സർവ്വകലാശാല നിയമത്തേയും കേരളാ കോൺഗ്രസ് എതിർത്തിട്ടുണ്ട്. ഇപ്പോഴും എതിർക്കുന്നുമുണ്ട്. കേരളത്തിലെ കോൺഗ്രസിനകത്തെ ഒന്നാം സിൻഡിക്കേററായിരുന്നു കേരളാ കോൺഗ്രസ്. മുസ്ലീം ലീഗ് വർഗീയകക്ഷിയാണെന്നു ഇതേവരെ പറഞ്ഞും പ്രചരിപ്പിച്ചും നടന്ന കോൺഗ്രസിനു ഇപ്പോൾ അതിൽ മാററം വരുത്താൻ ഒരു കാരണവുമുണ്ടായിട്ടില്ല. അതേപോലെ തന്നെ സിൻഡിക്കേററുകാരെ ഒഴിച്ചു നിർത്തിക്കൊണ്ട് കേരളാ കോൺഗ്രസ്സുമായി ഒന്നിച്ചു നിന്നവരാണ് ഇപ്പോഴത്തെ സിൻഡിക്കേററുകാർ. ഈ മൂന്നു വലത് പിന്തിരിപ്പൻ കക്ഷികളേയും ഒരുമിച്ച് എതിർത്തു് ഒരു സോഷ്യലിസ്റ്റ് കക്ഷിയായി മാറിയിരിക്കുന്നു കോൺഗ്രസ് എന്നു ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ പററിയ സാഹചര്യം ഇന്നുണ്ട്. കെ. പി. സി. സി. യിലും കോൺഗ്രസിന്റെ മററധികാരസ്ഥാനങ്ങളിലും യുവാക്കൾ കടന്നു വന്നിട്ടുണ്ട്. മറെറാരു കക്ഷിയിലും ഇതേപോലെ സ്വാതന്ത്ര്യത്തിനു ശേഷമുള്ള തലമുറയധികാര സ്ഥാനങ്ങളിൽ വന്നിട്ടില്ല. പഴയകാലത്തു് കോൺഗ്രസിനുണ്ടായ വീഴ്ചകൾക്കും കോട്ടങ്ങൾക്കും കാരണക്കാരെന്ന ആക്ഷേപത്തിൽനിന്നു കുറെ വിമുക്തമാകാൻ ഈ സാഹചര്യം സഹായകരമായിരിക്കും. പഴയകാലത്തെ കോട്ടങ്ങൾ ഏററു പറഞ്ഞു് പുതിയ കോൺഗ്രസാണ് വോട്ടു ചോദിക്കുന്നതെന്ന നിലയുണ്ടാക്കാൻവരെ ഇന്നു സമർത്ഥമായ നേതൃത്വമാണെങ്കിൽ സാധിക്കാവുന്നതേയുള്ളു. ധാരണയിൽനിന്നു മാർക്സിസ്റ്റുകാരേയും ഒഴിവാക്കേണ്ടതില്ല.

അതുകൊണ്ട് ഇനിയെങ്കിലും ഈ വഴിക്കുള്ള ശ്രമം കെ. പി. സി. സി. നേതാക്കൾ ആരംഭിക്കുമെന്നാണ് കോൺഗ്രസ്സുകാർ പ്രതീക്ഷിക്കുന്നതു്. കെ. പി. സി. സി. നിർവ്വാഹക സമിതി പാസ്സാക്കിയ പ്രമേയം നിരാശാജനകമാണ്. 'സോഷ്യലിസ്റ്റ് പരിപാടികളിൽ യോജിക്കാനും ജനാധിപത്യഭരണക്രമം നിലനിർത്താനും സഹകരിക്കാൻ കഴിയുന്ന രാഷ്ട്രീയകക്ഷികളെ അണിനിരത്തുന്നതിനു' കോൺഗ്രസ് മുൻകയ്യെടുക്കണമെന്നു പറയുന്നതിന്റെ അർത്ഥം കെ. പി. സി. സി. നേതാക്കളെ സംബന്ധിച്ചിടത്തോളം എങ്ങിനേയും വ്യാഖ്യാനിക്കാവുന്നതാണ്. സോഷ്യലിസ്റ്റ് ജനമുന്നണിയെന്നും മററും കെ. പി. സി. പലതവണ പ്രസ്താവിച്ചു കഴിഞ്ഞതാണ്. ഇപ്പോൾ ജനങ്ങൾക്കു അറിയാനുള്ളതു് കോൺഗ്രസ് ഐക്യമുന്നണിയുണ്ടാ

മററും മരള്ളീക്കുന്നതിനെതിരായി മുസ്ലീം സമുദായക്കാരിൽനിന്നു ഒട്ടും പ്രതിഷേധശബ്ദമുയരാത്തതിൻെറ കാരണം മററു മതക്കാർ ഇതു് മുസ്ലീമുകളുടെ കാര്യമാണെന്നുവെച്ചു മൌനമവലംബിക്കുകയും ചെയ്യുന്നു.

എന്നാൽ ഇന്ത്യയിലെ എട്ടുകോടിയോളം വരുന്ന ജനവിഭാഗത്തിൻെറ കാര്യത്തിൽ പുരോഗമന വാദികളായ എല്ലാവരുടേയും ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ പുരോഗതിയിൽ തല്പരരായ എല്ലായാളുകളും ഹമീദ് ദൽവായിയെപ്പോലെ യഥാർത്ഥ മതേതരത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നവർക്കു പിന്തുണ നൽകണം.

ഇപ്പോൾ തന്നെ മുസ്ലീംജന സാമാന്യം അന്ധമായി മതത്തിൻെറ പിടിയിൽ അമർന്നു കിടക്കുകയാണ്. മുസ്ലീംലീഗുകാർ മതപരിഷ്ക്കരണം നടത്തുന്നവരാണെന്നവരെ ആക്ഷേപിക്കുന്ന തനിപിന്തിരിപ്പന്മാരായ മറെറാരു വിഭാഗം മുസ്ലീമുകളുണ്ടു. ജമാഅത്ത് ഇസ്ലാമിക്കാരാണവർ. മുസ്ലീംലീഗുകാര ഇപ്പോൾ ജമാഅത്ത് ഇസ്ലാമിയേയും നിരോധിക്കണമെന്നു ഭരണകോൺഗ്രസ്സിൻെറ എ. ഐ. സി. സി. യോഗത്തിൽ ആവശ്യമുന്നയിച്ചിരുന്നുവല്ലോ. ഇതേപ്പററി മുസ്ലീം ലീഗിൻെറ മുഖപത്രമായ 'ചന്ദ്രിക ഒരു മുഖപ്രസംഗമെഴുതിയിരുന്നു. ജമാഅത്ത് ഇസ്ലാമിക്കാർ എസ്സ്". എസ്സിനെപ്പോലെയല്ലെന്നും അത് സാംസ്കാരിക സംഘടനയാണെന്നുമാണ് 'ചന്ദ്രിക പറഞ്ഞിരിക്കുന്നതു്. ഖുറാനിൽ പറഞ്ഞിട്ടുള്ളതിൽ കവിഞ്ഞൊന്നും തന്നെ ജീവിതത്തിൽ ആവശ്യമില്ലെന്നു പ്രചരിപ്പിക്കുന്നതാണ് അറുപിന്തിരിപ്പനായ ഈ സംഘടന. മുസ്ലീംലീഗുകാർ ഈ സംഘടനസാംസ്കാരിക സംഘടനയാണെന്നു പറഞ്ഞ് അതിനു പിന്തുണ നൽകിത്തുടങ്ങുന്നതിന്റെയർത്ഥം മുസലീം ജനസാമാന്യത്തിലെ ഗണ്യമായ വിഭാഗം ആളുകൾ പഴഞ്ചത്തത്തിലേക്കു തള്ളിയിടപ്പെടുന്നുവെന്നാണ്.

ജമാഅത്ത് ഇസ്ലാമി അന്താരാഷ്ട്ര മുസ്ലീം സംഘടനയാണ്. അതിൻെറ പഴഞ്ചത്തത്തിൻെറ ലക്ഷണങ്ങൾ ഇപ്പോൾ പാക്കിസ്ഥാനിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രചരണങ്ങളിൽ കാണാം. സോഷ്യലിസത്തിനും മതേതരത്വത്തിനും എല്ലാം എതിരാണതു്. മുസ്ലീമുകളിൽത്തന്നെയാവിഭാഗക്കാരേയും അഹമ്മദീയരേയും അതു് എതിർക്കുന്നു.

ജമാഅത്ത് ഇസ്ലാമി, മുസ്ലീംലീഗ് തുടങ്ങിയ പിന്തിരിപ്പൻ ശക്തികളുടെ സ്വാധീനം വർദ്ധിക്കാതിരിക്കണമെങ്കിൽ വ്യക്തി നിയമം ഏകീകരിക്കണമെന്ന വാദം എല്ലാ പുരോഗമന ശക്തികളും ഒന്നിച്ചുന്നയിക്കേണ്ടിയിരിക്കുന്നു. ഹമീദ് ദൽവായിയെപ്പോലുള്ള പരിഷ്ക്കർത്താക്കൾക്കു പിന്തുണ നൽകുകയും വേണം. അതല്ലെങ്കിൽ ദൽവായ് തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഹിന്ദു പിന്തിരിപ്പന്മാർക്കു ക്രമേണ ശക്തി വർദ്ധിച്ചുവരും. ഹിന്ദു വർഗ്ഗീയവാദികളുടെ സംഘടന വാസ്തവത്തിൽ മുസ്ലീം വിഭാഗീയതയുടേയും വർഗീയതയുടേയും പ്രത്യാഘാതമെന്ന നിലയിലുണ്ടായിട്ടുള്ളതാണ്". മുസ്ലീം വിഭാഗീയതയവസാനിച്ചാൽ ഹിന്ദു വിഭാഗീയതയും അവസാനിക്കാതെ തരമില്ല. ഇതു് ചരിത്ര യാഥാർത്ഥ്യമാണ് കാരണം മററു മതങ്ങളിൽ നിന്നു വേർതിരിച്ചു നിർത്തി നോക്കുമ്പോഴാണ് ഹിന്ദുമതം എന്നൊന്നു തന്നെയുണ്ടാകുന്നതു്. അല്ലാത്തയവസരത്തിൽ അതു് ജാതിക്കൂട്ടമാണ്. ഇന്ത്യയിൽ മുസ്ലീമുകളും ക്രിസ്ത്യാനികളും ബ്രാഹ്മണരും, അബ്രാഹ്മണരും ഹരിജനങ്ങളും എല്ലാം ജാതികൾ മാത്രമാണെന്നു കരുതിയാൽ മതി, ജാതികളെ നശിപ്പിച്ച് ഹിന്ദുമതത്തെ ഏകീകരിക്കുന്നതു് തെററല്ലാത്തതുപോലെ തന്നെ, മതപരമായ ഭിന്നതകളെയും ഒന്നൊന്നായി നശിപ്പിച്ച് ഭാരതജനതയെ ഒന്നാകെ നവീകരിക്കുവാൻ പുരോഗമന വാദികൾ തയ്യാറാകണം.

വായനക്കാരൻ
എറണാകുളം

---

കുന്നുണ്ടോ ഇല്ലയോ എന്നും ഐക്യമുന്നണിയുണ്ടാകുന്നുണ്ടെങ്കിൽ ഏതെങ്കിലും കക്ഷികളുമായി ട്ടായിരിക്കുമെന്നു മാണ്. അക്കാര്യത്തിൽ കെ. പി. സി. സി. നിർവ്വാഹക സമിതി ദയനീയമായ മൌനമാണവലംബിച്ചിരിക്കുന്നതു്. മൂന്നു കോൺഗ്രസ്സും മുസ്ലീംലീഗുംചേർന്നു ജനാധിപത്യ ഐക്യമുന്നണിയുണ്ടാക്കണമെന്നു നിരന്തരംഉപദേശിക്കുന്ന വൻകിടപത്രങ്ങളുടേയും ഭരണം നടത്തുന്ന വലതു കമ്യൂണിസ്റ്റ്കാരുടേയും ഇടക്കു കിടന്നു നട്ടംതിരിയുകയാണ്. കഴിവുകെട്ട കെ. പി. സി. സി. നേതാക്കൾ അടുത്ത തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിൻെറ ശക്തിക്കനുസൃതമായി നിയമസഭാ സ്ഥാനങ്ങൾ നേടി വിജയിക്കാൻ കോൺഗ്രസ്സിനു സാധിക്കുന്നില്ലെങ്കിൽ അതിൻെറ കാരണക്കാർ കെ. പി. സി. സി. നേതാക്കൾ മാത്രമായിരിക്കും.

---

കാഴ്ചപ്പാടുകൾ 2-ാംപേജ് (തുടർച്ച)

ലുവിലുള്ള വ്യവസ്ഥയുടെ സംരക്ഷകരായിത്തീരുന്നു. അവസാനം എല്ലാററിൻേറയും നിയന്ത്രണം ഫലത്തിൽ സ്വത്തുടമ വർഗത്തിൻെറ കയ്യിൽ അമരുകകയും ചെയ്യുന്നു. എത്രവലിയ വിപ്ലവ പരിപാടി നടപ്പാക്കുമെന്നു പ്രകടനപത്രികയിൽ എഴുതിവെച്ചാലും ശരി ഒന്നും നടപ്പിലാവാതെ പോകുന്ന തരത്തിലുള്ളതാണ് പാർലിമെൻററി ഭരണക്രൂടത്തിൻെറ ചട്ടക്കൂട്. 'നിയമാനുസൃതമാററത്തിനും കീഴ്വഴക്കങ്ങൾക്കും മററും കൽപ്പിക്കുന്ന വിശുദ്ധിയും ദിവ്യത്വവും കാരണം ചട്ടക്കൂടുതന്നെയാണ് ലക്ഷ്യമെന്ന സ്ഥിതിയാണുണ്ടാവുന്നതു്. ബ്രിട്ടണിൽ അധികാരത്തിലിരുന്ന ലേബർ കക്ഷിയും ഈ സ്ഥിതിയുടെ തടവുകാരാണ്.

ലേബർ പാർട്ടിയുടെ പ്രഖ്യാപനങ്ങളും പ്രവൃത്തിയും തമ്മിലുള്ള അന്തരംനോക്കിയാൽ ഇത് വ്യക്തമാകും. പ്രകടനപത്രികയിൽ നൽകിയിരുന്ന വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിൽ ലേബർ പാർട്ടി പരാജയപ്പെട്ടുവെന്നു ബ്രിട്ടണിൽത്തന്നെ ധാരാളം പരാതിയുണ്ടു്. 1964 ലെ തെരഞ്ഞെടുപ്പിൽ അറുപതിലേക്കുള്ള മാർഗ്ഗദർശനം എന്നപേരിൽ ലേബർ പാർട്ടി പ്രകടന പത്രിക പ്രസിദ്ധീകരിച്ചിരുന്നു. വികസന സാദ്ധ്യതയുള്ള ഭൂമി പൊതുവുടമയിൽ കൊണ്ടുവരുമെന്നും ഇത് ലാൻറ് കമ്മീഷൻെറ ചുമതലയായിരിക്കുമെന്നും അതിൽ പറഞ്ഞിട്ടുണ്ടു്. ശാസ്ത്രത്തെഅടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും മത്സരാടിസ്ഥാനത്തിലുള്ള വ്യവസായങ്ങളും പൊതുവുടമയിൽ സ്ഥാപിക്കുമെന്നും ജനങ്ങൾക്ക് വാഗ്ദാനം നൽകിയിരുന്നു. മുതലൊളിത്ത പിച്ചച്ചട്ടിയെന്ന തലക്കെട്ടിൽ പ്രകടന പത്രികയുടെ മറെറാരു ഭാഗത്ത് പറഞ്ഞിരുന്നത് പൊതുപ്പണം ചെലവാക്കി വൻകിട സ്വകാര്യ വ്യവസായങ്ങൾ സംയോജിപ്പിക്കുന്നതിനു മുതിരുകയില്ലെന്നാണ് പറഞ്ഞിരുന്നത്. അതേപോലെ തന്നെ ബ്രിട്ടീഷ് സ്ഥാപനങ്ങൾ വിദേശികർ കയ്യടക്കാൻ അനുവദിക്കുകയില്ലെന്നു പ്രഖ്യാപനവുമുണ്ടായിരുന്നതാണ്. സാമ്പത്തിക ശക്തിയുടെ വിപുലമായ തോതിലുള്ള കേന്ദ്രീകരണത്തെ സമൂഹത്തോടു ഉത്തരവാദപ്പെടുത്തുന്നതിനു വേണ്ടി പൊതുവുടമ വികസിപ്പിക്കാനും ലേബർ പാർട്ടി പരിപാടിയിട്ടിരുന്നു. 1964 ലെ പൊതുതെര

സോഷ്യലിസ്റ്റ് പാർട്ടി തയാറല്ലേന്നേയുള്ളൂ. ഇന്ദിരാഗവർമ്മെണ്ടിനെ പുറത്താക്കുന്നതിൽ സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിക്കും യോജിപ്പാണുള്ളതു്.

അടുത്ത പൊതുതെരഞ്ഞെടുപ്പാകുമ്പോഴേക്കും കോൺഗ്രസ്സിനെതിരായി വിശാലസഖ്യം ഉടലെടുക്കുമെന്നു തന്നെ കരുതണം. തെരഞ്ഞെടുപ്പിൽ കൂടുതൽ സ്ഥാനങ്ങൾ നേടുന്നതിനു ആശയപരമായ ഭിന്നിപ്പൊന്നും പ്രശ്നമാക്കാതെ ഐക്യമുന്നണികളും ധാരണകളും ഉണ്ടാക്കാൻ സാധിക്കുമെന്നു തെളിയിക്കപ്പെട്ടുകഴിഞ്ഞു.

സ്വതന്ത്രാപാർട്ടിയും ജനസംഘവുമായി നേരിട്ടുള്ള ഐക്യമുന്നണിയുണ്ടാക്കാൻ സിൻഡിക്കേററിനു വിഷമമുണ്ടാകയില്ല. കോൺഗ്രസ്സിനെ എതിർക്കുന്നതിനു മററു കക്ഷിയുമായും ധാരണയുണ്ടാക്കാനും സാധിക്കും. മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകാരുമായി ബന്ധപ്പെടുന്നതിനു എസ്സ്. എസ്സ്. പി. വഴി സാധിക്കുന്നതുമാണ്. കുറെ സ്ഥാനങ്ങൾ എസ്സ്. എസ്സ്. പി.ക്കു ഒഴിഞ്ഞു കൊടുക്കുകയും അങ്ങിനെ കിട്ടുന്ന സ്ഥാനങ്ങളിൽ ഒരു പങ്ക് മാർക്സിസ്റ്റ്കാർക്കോ, കോൺഗ്രസ്സിനെതിരായി മത്സരിക്കുന്ന മററതെങ്കിലും കക്ഷിക്കോ പങ്കുവെച്ചു കൊടുക്കാവുന്നതുമാണ്. അടുത്ത പൊതുതെരഞ്ഞെടുപ്പിലെ വിശാലസഖ്യം ഏതാണ്ടിങ്ങനെയായിരിക്കുമെന്നു കരുതുന്നതിൽ തെററുണ്ടാകയില്ല. അതിനുപററിയ അന്തരീക്ഷം ഉണ്ടാക്കുകയാണ് സിൻഡിക്കേററുകാർ ചെയ്തിരിക്കുന്നതു്.

സ്വതന്ത്രാ പാർട്ടിയും ജനസംഘവുമായി ഐക്യമുണ്ടാക്കുന്നതിൽ നിന്നു സിൻഡിക്കേററുകാരെ അകററിനിർത്തുന്നതിനുവേണ്ടിമുസ്ലീം വർഗീയതയെപ്രീണിപ്പിക്കാൻ കോൺഗ്രസ് നടത്തിയ ശ്രമം വിജയിച്ചിട്ടില്ലെന്നാണു മനസ്സിലാക്കേണ്ടത്. വർഗ്ഗീയ ലഹളകളുടെ മുഴുവൻ ഉത്തരവാദിത്വം ജനസംഘത്തിൻെറ പേരിൽ ചുമത്തികൊണ്ട് വികാര തീവ്രമായി ഇന്ദിരാഗാന്ധിയും മററും നടത്തിയ പ്രസംഗം കൊണ്ടു് ഫലമുണ്ടായില്ല.

ഇത് തന്നെയാണ് സ്വതന്ത്രാപാർട്ടിയുമായി കൂട്ടുകൂടുന്ന കാര്യത്തിലുമുള്ള സ്ഥിതി. ഗുജറാത്തിൽ പ്രതിപക്ഷ കക്ഷിയായ സ്വതന്ത്രാപാർട്ടിയുമായിച്ചേർന്നു സിൻഡിക്കേററ് ഭരണത്തെ മറിച്ചിടാൻ കോൺഗ്രസ് ശ്രമിച്ചിട്ടുണ്ടു്. ശ്രമിക്കുന്നുമുണ്ടു്. ഇന്ദിരാഗാന്ധിയും ജഗജീവറാമും ഗുജറാത്തിനെ സംബന്ധിച്ചിടത്തോളം സ്വതന്ത്രാപാർട്ടിയുമായി സഖ്യമുണ്ടാക്കുന്നതിനെതിരല്ല.

അതുകൊണ്ടാണ് ഗുജറാത്തിലെ സിൻഡിക്കേററ് നേതാക്കൾ സ്വതന്ത്രപാർട്ടിയുമായി സഖ്യമുണ്ടാക്കുന്നതിനെ ഇപ്പോഴും എതിർത്തുകൊണ്ടിരിക്കുന്നത്. അങ്ങിനെ സഖ്യമുണ്ടായാൽ സ്വതന്ത്രപാർട്ടിക്കു ഗുജറാത്തിലെ ഭരണത്തിൽ പങ്കുനൽകേണ്ടിവരുമോ എന്നാണ് അവരുടെഭയം.

ജനസംഘവുമായി സിൻഡിക്കേററു് നേതാക്കൾ സഖ്യമുണ്ടാക്കുമെന്നതിന്റെ ലക്ഷണം ഇതിനകം വേറെയും കണ്ടുതുടങ്ങിയിട്ടുണ്ടു്. കേരളത്തിലെ സിൻഡിക്കേററ് നേതാവ് ടി. ഓ. ബാവ അടുത്ത കാലത്തായി അവലംബിക്കുന്ന മൗനം ശ്രദ്ധേയമാണ്. സിൻഡിക്കേററിൻെറ കേരളത്തിലെ വാക്താക്കളായി പ്രത്യക്ഷപ്പെടുന്നത് സെക്രട്ടറിമാരായ ശങ്കരനാരായണൻ, അമരവിള കൃഷ്ണൻ നായർ എന്നിവരും പാർളിമെൻററി പാർട്ടിനേതാവ് ഡോക്ടർ ജോർജ് തോമസ്സുമാണ്. ടി. ഒ. ബാവ ഔദ്യോഗികമായി പ്രസിഡൻററ് സ്ഥാനമൊഴിഞ്ഞിട്ടില്ലെന്നേയുള്ളൂ. അദ്ദേഹം അടുത്ത്തന്നെ രാഷ്ട്രീയ രംഗത്ത് നിന്നു വിരമിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

കോൺഗ്രസ്സിൽ ''ദേശീയമുസ്ലീം,, എന്നു പറയപ്പെടുന്ന ഒരു തരം നേതാക്കന്മാരുണ്ടു്. മുസ്ലിം ലീഗ് വർഗീയ കക്ഷിയാണെന്നു പറഞ്ഞു് നടക്കുന്നതോടൊപ്പം തന്നെ കോൺഗ്രസ്സിനകത്തെ മുസ്ലീഗ്കാരെക്കാൾ കൂടുതൽ മതാചാരങ്ങളും അനുഷ്ഠാനങ്ങളും ഇവർകൊണ്ടു നടക്കുന്നു. ഏതു രാഷ്ട്രീയ കാര്യവും ഖുറാനിനെയടിസ്ഥാനമാക്കി വ്യാഖ്യാനിക്കുന്നു. മുസ്ലീം ലീഗുകാർ വിഭാഗീയത വളർത്തുന്നവരാണെങ്കിൽ ''ദേശീയ മുസ്ലീ,,മുകൾ എന്നുപറഞ്ഞു നടക്കുന്നവർ മതപ്രാതിനിധ്യ വാദക്കാരാണ്. ഇവരിൽ കൂടുതലും പ്രാതിനിധ്യവാദമുന്നയിച്ചു് അധികാരത്തിൽ പങ്കുപററുന്നവരാകയാൽ ഇപ്പോൾ ഇന്ദിരാഗാന്ധിയുടെ കൂടെയാണ്. ഫക്രുദിൻ അലി അഹമ്മദ് തുടങ്ങിയ ''ദേശീയ മുസ്ലീ,,മുകളാണ് ഇവരുടെ നേതാക്കൾ.

ഇക്കൂട്ടത്തിൽപ്പെട്ടയാളായിരുന്നു ടി. ഓ ബാവ. അദ്ദേഹത്തിൻേറയും അദ്ദേഹത്തെപ്പോലുള്ളവരുടേയും പ്രധാന പ്രചരണം കോൺസ്സിൻെറ സോഷ്യലിസമൊന്നുമായിരുന്നില്ല. മുസ്ലീംലീഗിൽ നിന്നു ആളുകളെയകററി നിർത്താൻ ജനസംഘത്തിൻെറ ഇമ്പാച്ചി കാണിക്കുകയും തങ്ങളാണ് യഥാർത്ഥ മുസ്ലീമുകൾ എന്നു പ്രചരിപ്പിക്കുകയുമായിരുന്നു ഇവരുടെ പതിവ്. മലപ്പുറം ജില്ലാരൂപവൽക്കരണത്തെയൊക്കെ ഒരു കാരണവുമില്ലാതെ മൊയ്തു മൌലവിയും മററും എതിർക്കാൻ കാരണം ഇതാണ്. അങ്ങിനെയുള്ള 'ദേശീയ മുസ്ലീമു'കളെ മുസ്ലീംലീഗുകാർ ജനസംഘത്തിൻെറ ചട്ടുകമായി ചിത്രീകരിക്കുകയും ചെയ്യും. അതുകൊണ്ടു് മൊയ്തു മൌലവിയേയും ടി. ഓ ബാവയേയുംപോലുള്ള 'ദേശീയ മുസ്ലീ'മുകൾ രാഷ്ട്രീയം ഉപേക്ഷിക്കാനാണിടയുള്ളതു്.

വർഗീയതയും അതേ സമയം സാമ്പത്തിക താല്പര്യങ്ങളും കൊണ്ടു് നടക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും കേരളത്തിലെ സിൻഡിക്കേററ് നേതൃത്വം ഇന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നതു് കേരളാ കോൺഗ്രസ്സുമായിച്ചേർന്നു ഒരു മുന്നണിയുണ്ടാക്കാനാണ് കേരളാ കോൺഗ്രസ്സും സിൻഡിക്കേററും കോൺഗ്രസ്സും മുസ്ലീംലീഗും ചേർന്നു മുന്നണിയുണ്ടാക്കണമെന്നു അവർ ആഗ്രഹിക്കുന്നു. ഈ ആശയത്തിനു പിന്തുണ നൽകുന്ന പത്രങ്ങൾ ''മൂന്നു കോൺഗ്രസ്സ്'' എന്നാണ് ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

സിൻഡിക്കേററു നേതാക്കളുടെ പ്രത്യക്ഷ ഐക്യമുന്നണിയിൽ നിന്നു കേരളാ കോൺഗ്രസ്സുകാർ തെററിപ്പിരിയുമെന്നാണ്. സീററു വിഭജനം സംബന്ധിച്ചു് കേരള കോൺഗ്രസ്സിൻെറ പിരിഞ്ഞു പോക്കു് ഉണ്ടാകുമെന്നു അവർ കരുതുന്നു. കാരണം ഇപ്പോൾ വലതു് കമ്യൂണിസ്റ്റ്കാർ ജയിച്ചിട്ടുള്ള നിയോജകമണ്ഡലങ്ങളിൽ പതിമൂന്നെണ്ണം തങ്ങൾക്കു് അവകാശപ്പെടാവുന്നതാണെന്നാണ് കേരളാ കോൺഗ്രസ്സിൻെറ കണക്കുകൂട്ടൽ.

1965 ലെ തെരഞ്ഞെടുപ്പ് ഫലത്തെയടിസ്ഥാനമാക്കി സീററു വിഭജനം നടത്തണമെന്നു കേരളാ കോൺഗ്രസ്സ് ആവശ്യപ്പെട്ടു. കോൺഗ്രസ്സിൻെറ പിന്തുണയുണ്ടെങ്കിൽ ആ സ്ഥാനങ്ങളൊക്കെ വീണ്ടും ജയിക്കാമെന്നു അവർ കരുതുന്നുണ്ടാകും. വലതു് കമ്യൂണിസ്റ്റ്കാർക്കു സീററിൻെറ കാര്യത്തിൽ കേരളാ കോൺഗ്രസ്സിനെ തൃപ്തിപ്പെടുത്താൻ വിഷമതകളുണ്ടാകും.

അഖിലേന്ത്യാടിസ്ഥാനത്തിൽ സിൻഡിക്കേററുകാരോടു് കോൺഗ്രസ്സ് തൊട്ടുകൂടായ്മയവലംബിക്കുന്നതാണ് കേരളാ കോൺഗ്രസ്സിനു ആശങ്കയുണ്ടാക്കുന്നതു്. വലതു് കമ്യൂണിസ്റ്റ് പാർട്ടിയെ വിട്ടുനിൽക്കാൻ കോൺഗ്രസ്സ്കാർ സന്നദ്ധമാകുമോ എന്നാണവരുടെ ഭയം. അതിനു കോൺഗ്രസ്സ് തയാറായാൽ ''മൂന്നു കോൺഗ്രസ്സും'' മായി ഐക്യമുന്നണിയും മലബാറിൽ മുസ്ലീംലീഗുമായി ധാരണയും എന്ന നിലയുണ്ടാക്കാമെന്നും കേരളാ കോൺഗ്രസ്സ് കരുതുന്നുണ്ടാവും. ഈ നില വന്നാൽ തങ്ങൾക്കു ഏററവും കൂടുതൽ നിയമസഭാ സ്ഥാനങ്ങളിൽ ജയിക്കാനാകുമെന്നാണ്

Vol. 1
No. 21

# NIRNAYAM

(ERNAKULAM 5TH JULY 1970)

Price 35 Ps.

(കുറിപ്പുകൾ തുടർച്ച)

അവരുടെ പ്രതീക്ഷ. സിൻഡിക്കേററുകാർക്കും ഇന്നത്തെ നിലയിൽ ഇങ്ങനെ ഒരു ഐക്യമുന്നണി നിലനിൽപ്പിനാവശ്യമാണ്.

പക്ഷേ കോൺഗ്രസ്സ് നേതാവ് കെ. കെ. വിശ്വനാഥൻ സിൻഡിക്കേററുകാരുമായി ഐക്യമുന്നണിയോ തെരഞ്ഞെടുപ്പ് ധാരണയോ ഉണ്ടാക്കുകയില്ലെന്ന നിലപാടാണ് എടുത്തിട്ടുള്ളത്. യൂത്ത് കോൺഗ്രസ്സ് നേതാക്കളും അടുത്ത തെരഞ്ഞെടുപ്പിൽ സിൻഡിക്കേററിനെ തൊട്ടുകൂടെന്ന നയം സ്വീകരിച്ചിരിക്കുന്നു. ഇതിനു ആശയപരമായ എന്തെങ്കിലും കാരണം ഇവർക്കു പറയാനില്ലതാനും.

ഒന്നാമതായി കോൺഗ്രസ്സിൽ നിന്നു തെററിപ്പിരിഞ്ഞ ക്രിസ്ത്യൻ വർഗീയപിന്തിരിപ്പൻ സംഘടനയായ കേരളാകോൺഗ്രസ്സുമായി കൂട്ടുചേരാൽ വിശ്വനാഥനും കോൺഗ്രസ്സിനും മടിയില്ല. വർഗീയ പിന്തിരിപ്പൻ കക്ഷിയായ മുസ്ലീംലീഗുമായി കൂട്ടുചേരാനും മടിയില്ല. പക്ഷെ ഈ രണ്ടു് വർഗീയ പിന്തിരിപ്പന്മാരെ എതിരിടുന്നതിനു ഏതാനും നാൾ മുമ്പു് വരെ കോൺഗ്രസ്സിന്റെ കൂടെനിന്ന സിൻഡിക്കേററുകാരെ തൊട്ടുകൂടെന്നു കോൺഗ്രസ്സ് വാശിപിടിക്കയും ചെയ്യുന്നു. കോൺഗ്രസ്സിനെക്കൊണ്ടു് വലതു് കമ്യൂണിസ്റ്റുകൾ തങ്ങൾക്കാവശ്യമുള്ള നയം സ്വീകരിക്കുന്നുവെന്നല്ലാതെ പുരോഗമനത്തിന്റേയും സോഷ്യലിസത്തിന്റേയും പ്രശ്നങ്ങൾ കോൺഗ്രസ്സിന്റെ ഇന്നത്തെ നിലപാടിന്റെ പിന്നിൽ ഇല്ലതന്നെ.

പരസ്പര വിരുദ്ധമായ ഈ നിലകാരണം അവസാനം സീററു വിഭജനകാര്യത്തിൽ തമ്മിൽ തല്ലിപ്പിരിയുന്നയവസരമുണ്ടാകുമെന്നും അന്നു കേരളാകോൺഗ്രസ്സ് തങ്ങളുടെ കൂടെ കൂടുമെന്നുമാണ് കേരളത്തിലെ സിൻഡിക്കേററിന്റെ കണക്കുകൂട്ടൽ. അതിനുവേണ്ടിയവർ ജനാധിപത്യ മുന്നണിയെന്നും കമ്യൂണിസ്റ്റുകാരെ ഒററപ്പെടുത്തുകയെന്നുമൊക്കെ പ്രസംഗിക്കുന്നുണ്ടു്. കോൺഗ്രസ്സിനെയുപദേശിക്കുന്ന വൻകിട പത്രങ്ങൾ ഇവർക്കു് സഹായകരമാണ്.

സിൻഡിക്കേററിന്റെ ജനാധിപത്യ മുന്നണിക്കും വലത് കമ്യൂണിസ്റ്റുകാരുടെ ഐക്യമുന്നണിക്കും ഇടയിൽക്കിടന്നു് സീററുകൾക്കുവേണ്ടി തപ്പിത്തടയുകയാണ് കോൺഗ്രസ്സ്.

000

(കാഴ്ചപ്പാടുകൾ തുടർച്ച)

ഞെടുപ്പ് കാലത്ത് ലേബർ കക്ഷിനേതാവ് ഹാരോൾഡ് വിൽസൺ ഈ പരിപാടികൾക്കു് വമ്പിച്ച പ്രചരണം നൽകിയിരുന്നുവെന്നതാണ് റിപ്പോർട്ട്.

എന്നാൽ ലാൻറ് കമ്മീഷൻ നിയമിതമായില്ലെങ്കിലും ഭൂമി പൊതുവുടമയിൽ കൊണ്ടു് വരുകയുണ്ടായില്ല. സ്വകാര്യ മുതലാളിത്ത വ്യവസായ സ്ഥാപനങ്ങൾ സംയോജിപ്പിക്കുന്നതിനു വേണ്ടി ഇൻഡസ്ട്രിയൽ റിയോർഗനൈസേഷൻ കോർപ്പറേഷൻ വഴി വമ്പിച്ചതോതിൽ പൊതുപ്പണം ചെലവിടുകയുണ്ടായി. സ്വകാര്യകുത്തകകളെവരെ പ്രോത്സാഹിപ്പിക്കുന്നതിനു പൊതുപ്പണം ചെലവ് ചെയ്തിട്ടുണ്ടു്. ലേബർ പാർട്ടിയുടെ അംഗത്വകാർഡിൽ പാർട്ടിയുടെ ലക്ഷ്യപ്രഖ്യാപനമുണ്ടു്. സോഷ്യലിസത്തിനു വേണ്ടി ഉല്പാദന-വിതരണ-വിനിമയയുപാധികളെ പൊതുവുടമയിലാക്കുമെന്നാണ് ആ പ്രഖ്യാപനം. ഇതെല്ലാം ബ്രിട്ടീഷ് പത്രങ്ങൾ വായിച്ചുനോക്കിയാൽ കാണാവുന്ന കാര്യങ്ങളാണ്.

1970 ആയപ്പോഴേയ്ക്കും ലേബർകക്ഷിയുടെ പ്രഖ്യാപനങ്ങളിൽ പല മാററങ്ങളുമുണ്ടായി. പലസാമൂഹ്യ പരിഷ്ക്കരണങ്ങളെപ്പററിയും 1970ലെ പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ടെങ്കിലും വ്യവസായവും ഭൂമിയും സ്വത്തും പൊതുവുടമയിലാക്കുന്ന അടിസ്ഥാനപരമായ സോഷ്യലിസ്ററ് നയങ്ങളെക്കുറിച്ചു് അതിൽ ഒന്നും തന്നെ പറഞ്ഞിട്ടില്ല. ബ്രിട്ടണിൽ ലേബർ പാർട്ടിക്കു ഏററവും വലിയ പിന്തുണ നൽകുന്നതു് ട്രേഡ് യൂണിയൻ കൌൺസിലാണ്. വളരെക്കാലമായി ഈ കൌൺസിലിൽ ഉന്നയിക്കുന്ന ആവശ്യമാണ് ധനനികുതി ചുമത്തണമെന്ന കാര്യം പക്ഷെ പ്രകടന പത്രികയിൽ ഇതിനെപ്പററിയും ഒന്നും മിണ്ടിയിട്ടില്ല. ലേബർ കക്ഷിയുടെ തന്നെ വാർഷിക സമ്മേളനം അംഗീകരിച്ച സാമ്പത്തിക നയങ്ങൾ നടപ്പാക്കാൻ ഗവർമ്മെണ്ടിനു സാധിച്ചില്ല. സ്വകാര്യ മൂലധനം പുറത്തേക്കു പോകുന്നതു് തടയുക, രാജ്യരക്ഷാച്ചെലവ് ചുരുക്കുക, തൊഴിൽ തുറകൾ വർദ്ധിപ്പിക്കുക തുടങ്ങിയ പരിപാടികൾ വേണമെന്നായിരുന്നു ട്രേഡ്‌യൂണിയൻ കൌൺസിലിന്റെ സ്വാധീനത്തിൽ ലേബർ പാർട്ടിയുടെ വാർഷിക സമ്മേളനം 1669ൽ നിശ്ചയിച്ചതു്. ഇതൊന്നും പ്രകടന പത്രികയിൽ കണ്ടില്ലെന്നുമാത്രമല്ല, മുമ്പ് നിശ്ചയിച്ചിരുന്ന സോഷ്യലിസ്റ്റ് പരിപാടികൾ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. ഇതിനും പുറമെ ലേബർ പാർട്ടിക്കു പിന്തുണ നൽകുന്ന യുവാക്കളിൽ നല്ല വിഭാഗമാളുകൾ അമേരിക്കയുടെ വിയററ്നാം യുദ്ധത്തിനെതിരെ ബ്രിട്ടൺ ശക്തമായ നടപടിയൊന്നുമെടുക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ടിരുന്നു. പക്ഷെ ലേബർ പാർട്ടിയുടെ നേതാക്കൾ അതൊന്നും കൂട്ടാക്കിയില്ല. 1964 ലെ തെരഞ്ഞെടുപ്പ് കാലത്ത് അറുപതുകളിലേക്കുള്ള 'ചൂണ്ടു് പലകകൾ. എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ പ്രകടനപത്രികയും 1970 ൽ 'ഇന്നു ബ്രിട്ടൺ സുശക്തമാണ്—ബ്രിട്ടണിലെ ജീവിതം മഹത്തരമാക്കുക'യെന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ പ്രകടന പത്രികയും പരിശോധിച്ചാൽ പ്രകടമായ വ്യത്യാസമുണ്ടു്. പൊതുവുടമയെ അടിസ്ഥാനമാക്കിയുള്ള ഒരു ബദൽ സമ്പദ് വ്യവസ്ഥ നടപ്പാക്കുന്നതിൽ നിന്നുള്ള പിൻമാററമാണ് ഏററവും വ്യക്തമായിക്കാണാവുന്നകാര്യമെന്നു് ബ്രിട്ടണിലെ സോഷ്യലിസ്റ്റുകാർ ചൂണ്ടിക്കാണിക്കുന്നു.

പ്രകടനപത്രികയിലെ ഈവകവ്യാഖ്യാനങ്ങളോ പ്രഖ്യാപനമില്ലായ്മയോ ആണ് ലേബർ പാർട്ടിയുടെ പരാജയത്തിനു മുഖ്യമായ കാരണം എന്നു വിവക്ഷയില്ല. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ വലിയ ബന്ധമൊന്നുമില്ലെന്ന നിലയാണുള്ളതെങ്കിൽപ്പോലും ധീരമായ സോഷ്യലിസ്ററ് പരിപാടികൾക്കു് പ്രസിദ്ധീകരണം നൽകാൻതന്നെ ലേബർ പാർട്ടിനേതാക്കൾ തയാറാകാത്ത സ്ഥിതിയാണ് വന്നുചേർന്നതു്. ചുരുക്കത്തിൽ, യാഥാസ്ഥിതികത്വത്തിനും മുതലാളിത്തത്തിനും ലേബർ കക്ഷി സമ്പൂർണ്ണമായി കീഴ്പ്പെട്ടുപോയിയെന്നർത്ഥം.

[തുടരും]

Edited printed and published by M. A. John Convent Road, Cochin-11

at Empees press, Gopalprabhu Road, Cochin 1-1